VOL NO: 10 I ISSUE 23

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com
2026 JUNE 06 I ₹10



# സഹനത്തിലൂടെ സ്വർഗത്തിലേക്ക്

പലപ്പോഴും കുറ്റബോധത്തിന്റെ അകമ്പടിയോടെ മാത്രം പറയുന്ന വാക്കാണ് ക്ഷമ. ‘ക്ഷമ ആദ്യ ഘട്ടത്തിലാണ് വേണ്ടത്’ എന്ന പ്രവാചക വചനം സാർഥകമാവുന്നത് അതുകൊണ്ട് തന്നെയാണ്. ആന്തരിക ശക്തിയായും ജേതാക്കളുടെ ലക്ഷണമായും മതം പരിചയപ്പെടുത്തുന്ന ക്ഷമയിലൂടെ പാരത്രിക ജീവിതത്തിലെ ഉന്നത വിജയമാണ് സത്യവിശ്വാസികൾക്ക് ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നത്.

ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി

നമ്മൾ മക്കൾക്ക് മാതൃകയാണോ?

ആപ്പിലാക്കുന്ന ലോണുകൾ

മെഹബൂബ് മദനി ഒറ്റപ്പാലം • ഡോ. ഹുസ്ന ഹുസൈൻ • റൈഹാൻ ഷഹീദ്




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

489
നേർപഥം വാരിക
2026 ജൂൺ 06
1447 ദുൽഹിജ്ജ 21
പുസ്തകം 10 / ലക്കം 23

Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**



**04** നമുക്കുചുറ്റും
ആപ്പിലാക്കുന്ന ലോണുകൾ
നബീൽ പയ്യോളി

**05** മുഖമൊഴി
ഇസ്‌ലാമും
മനുഷ്യാവകാശങ്ങളും

**06** ലേഖനം
രക്ഷിതാക്കൾ:
മക്കൾ ആഗ്രഹിക്കുന്നതെന്ത്?
റോഷൻ പുനലൂർ

**09** കാഴ്ച
നമ്മൾ മക്കൾക്ക് മാതൃകയാണോ?
ഉസ്മാൻ പാലക്കാഴി

**16** ലേഖനം
ഇബ്‌നു കഹാൽ:
നേത്ര വൈദ്യത്തിലെ നിപുണൻ
ഡോ. ടി. കെ. യൂസുഫ്

**18** ലേഖനം
ഭാവിയിലെ യുദ്ധങ്ങൾ
വെള്ളത്തിനുവേണ്ടിയാകുമോ?
റൈഹാൻ ഷഹീദ്

**20** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅദി
സൂറ:അശ്ശുഅറാഅ്
അബ്ദുർറഹ്‌മാനുബ്‌നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

കവർ സ്റ്റോറി




## മെഹബൂബ് മദനി ഒറ്റപ്പാലം

പലപ്പോഴും കുറ്റബോധത്തിന്റെ അകമ്പടിയോടെ മാത്രം പറയുന്ന വാക്കാണ് ക്ഷമ. 'ക്ഷമ ആദ്യ ഘട്ടത്തിലാണ് വേണ്ടത്' എന്ന പ്രവാചക വചനം സാർഥകമാവുന്നത് അതുകൊണ്ട് തന്നെയാണ്. ആന്തരിക ശക്തിയായും ജേതാക്കളുടെ ലക്ഷണമായും മതം പരിചയപ്പെടുത്തുന്ന ക്ഷമയിലൂടെ പാരത്രിക ജീവിതത്തിലെ ഉന്നത വിജയമാണ് സത്യവിശ്വാസികൾക്ക് ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നത്...

**22** ലേഖനം
വഴിയിലെ മര്യാദകൾ:
ഇസ്‌ലാമിന്റെ ഉന്നത പാഠങ്ങൾ
സമീർ മുണ്ടേരി

**24** കുടുംബപഥം
ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി
ഡോ. യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

**26** ചരിത്രപഥം
സഊദ് ബ്‌നു ആമിർ അൽജുമഹി(റ)
ഇർഫാൻ സ്വലാഹി

**31** ആരോഗ്യപഥം
കുട്ടികളും സ്ക്രീൻ ഉപയോഗവും
ഡോ. ഹുസ്ന ഹുസൈൻ

**34** കവിത
സമയമില്ല പോലും!
നസീമ വാടാനപ്പള്ളി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# ആപ്പിലാക്കുന്ന ലോണുകൾ

നബീൽ പയ്യോളി
: +966 5 771 0981

സാമ്പത്തിക തട്ടിപ്പുകളുടെ വലയിലാകുന്നവരുടെ എണ്ണം ദിനേന കൂടിവരികയാണ്. എവിടെയും വില്ലൻ പണം തന്നെ! ആരും ആർക്കും ഒരു നയാപൈസ വെറുതെ കൊടുക്കുകയില്ല. ദാനധർമങ്ങളും മറ്റും മാറ്റിനിർത്തിയാൽ നമുക്ക് പൊതുവെ ഉണ്ടാകേണ്ട തിരിച്ചറിവാണിത്.

സാമ്പത്തിക ഇടപാടുകൾ മനുഷ്യനെ വല്ലാതെ ബാധിക്കുന്ന ഒരു മേഖലയാണ്. വരവിനനുസരിച്ച് ചെലവ് നിയന്ത്രിക്കാനും അൽപം മിച്ചംവയ്ക്കാനും ശീലിക്കുക എന്നതാണ് പരിഹാരം. ആധുനിക സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി വരവിനെക്കാൾ കൂടുതലുള്ള ചെലവുകളാണ്. ചുറ്റുമുള്ള മായാവലയത്തിൽ പെട്ട് ആവശ്യം, അത്യാവശ്യം, അനാവശ്യം എന്ന വേർതിരിവില്ലാതെ എല്ലാം വാങ്ങിക്കൂട്ടുകയും അത് ജീവിതം തന്നെ ദുസ്സഹമാകുംവിധം ദുരിതക്കയത്തിൽ ചെന്ന് പതിക്കുകയും ചെയ്യുന്ന കാഴ്ച നിരന്തരം നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക അച്ചടക്കം ഏറ്റവും പ്രധാനമാണ്. അത് കുട്ടികളെ പരിശീലിപ്പിക്കാനും കുടുംബത്തെ അതിനനുസരിച്ച് പാകപ്പെടുത്താനും കുടുംബനാഥന്മാർ ജാഗ്രത കാണിക്കേണ്ടതുണ്ട്.

ദരിദ്രരും ധനികരും പണക്കാരും പണിക്കാരും പട്ടിണിപ്പാവങ്ങളുമൊക്കെ നമുക്ക് ചുറ്റുമുള്ള യാഥാർഥ്യങ്ങളാണ്. നമ്മൾ എങ്ങനെ ഇങ്ങനെയായി എന്ന ചോദ്യത്തിനുത്തരം നമ്മോട് ചോദിക്കാതെ നമ്മെ സൃഷ്ടിച്ച സർവലോക രക്ഷിതാവിന്റെ തീരുമാനം എന്നതാണ് ഉത്തരം. അവൻ തന്നെയാണ് നമ്മുടെ സാമ്പത്തികാവസ്ഥയും തീരുമാനിക്കുന്നത്.

സാമൂഹ്യമാധ്യമങ്ങളുടെ അതിപ്രസരം തീർത്ത മായാലോകത്തെ പ്രകടനപരതയാണ് ഒരുപരിധി വരെ സാമ്പത്തിക ചൂഷണങ്ങളുടെ വലയിലേക്ക് എടുത്തുചാടാൻ കാരണമാകുന്നത്. സ്വന്തത്തെകുറിച്ചുള്ള ബോധ്യത്തിൽനിന്നാണ് നാം തുടങ്ങേണ്ടത്. ഒരു മെഡിക്കൽ റിപ്പോർട്ടിലോ കുതിച്ചെത്തുന്ന മലവെള്ളപ്പാച്ചിലിലോ ചീറിപ്പാഞ്ഞുവരുന്ന വാഹനത്തിലോ ജീവിതം മാറിമറിഞ്ഞേക്കാം. അതുകൊണ്ട്തന്നെ നാളെ അടച്ചുതീർക്കാം, നൽകാം എന്ന് കരുതി സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കിവെക്കുന്നത് സ്വന്തത്തിന് മാത്രമല്ല കുടുംബത്തിനും വലിയ പ്രതിസന്ധികൾ സൃഷ്ടിക്കും. ചുറ്റുപാടുകളിലേക്ക് കണ്ണോടിച്ചാൽ നമുക്കത് ബോധ്യമാവും.

വീട്, വാഹനം, വിദ്യാഭ്യാസം, വിവാഹം എന്നിങ്ങനെ അനിവാര്യമായി ജീവിതത്തിന്റെ ഭാഗമായി വരുന്ന സാഹചര്യങ്ങളെ സ്വയം തിരിച്ചറിവോടെ കൈകാര്യം ചെയ്യണം. ഓൺലൈൻ വ്യാപാരത്തിന്റെ പരസ്യപ്പെരുമഴയിൽ വീണ് ഇ.എം.ഐ എന്ന ഓമനപ്പേരിൽ പലതും വാങ്ങിക്കൂട്ടുന്നവർ സ്വയം നാശം വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്. ആവശ്യമുള്ള സാധനങ്ങൾ കൃത്യമായ ആലോചനയോടെയും ആസൂത്രണത്തോടെയുമാണ് വാങ്ങേണ്ടത്. എല്ലാം വാങ്ങിക്കൂട്ടുന്ന സംസ്കാരം നല്ലതല്ല.

പണം അധ്വാനിച്ച് നേടേണ്ടതാണ്, അത് ഹലാലുമായിരിക്കണം. പലിശയിലേക്ക് പോകാൻ നമുക്ക് അനുമതിയില്ല. അത് വാങ്ങാനും കൊടുക്കാനും പാടില്ല. തവണവ്യവസ്ഥയിൽ കിട്ടുമെന്നു കരുതി വൻതുകക്ക് ആവശ്യമില്ലാത്തതുപോലും വാങ്ങുന്നത് അവസാനിപ്പിക്കണം.

ഉള്ളവർ അതിനനുസരിച്ച് ചെലവഴിക്കട്ടെ; ധൂർത്ത് പാടില്ല. മറ്റുള്ളവർ അതിൽ അസൂയപ്പെടുകയോ ആശങ്കപ്പെടുകയോ വേണ്ട. സാമ്പത്തിക ബാധ്യതകളില്ലാതെ സ്വസ്ഥമായി ഉറങ്ങാൻ കഴിയുക എന്നത് വലിയ സൗഭാഗ്യമാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനും അതിനനുസരിച്ച് ജീവിതം ക്രമീകരിക്കാനും വിശ്വാസികൾക്ക് സാധിക്കണം. ■

# ഇസ്‌ലാമും മനുഷ്യാവകാശങ്ങളും

മനുഷ്യന്റെ അന്തസ്സ്, സ്വാതന്ത്ര്യം, സമത്വം എന്നിവയെ സംരക്ഷിക്കുന്നതിനായി ആധുനിക ലോകം രൂപപ്പെടുത്തിയെടുത്ത ആശയമാണ് മനുഷ്യാവകാശങ്ങൾ. 1948ലെ ഐക്യരാഷ്ട്രസഭയുടെ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിലൂടെയാണ് ഇത് ആഗോളതലത്തിൽ വ്യവസ്ഥാപിതമായത്.

ചരിത്രപരമായി പരിശോധിക്കുമ്പോൾ, പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഇസ്‌ലാം അതിന്റെ പ്രമാണങ്ങളായ വിശുദ്ധ ക്വുർആനിലൂടെയും പ്രവാചക വചനങ്ങളിലൂടെയും മനുഷ്യാവകാശ പ്രഖ്യാപനം നടത്തിയിട്ടുണ്ടെന്നു കാണാം. മുഹമ്മദ് നബി (സ്വ) അറഫയിൽ വച്ചു നടത്തിയ വിടവാങ്ങൾ പ്രസംഗം ലോകം കണ്ടതിൽവച്ച് ഏറ്റവും മഹത്തായ മനുഷ്യാവകാശ പ്രഖ്യാപനം കൂടിയായിരുന്നു.

വർഗം, വർണം, ഭാഷ, ദേശം പോലുള്ളവയുടെ പേരിൽ മനുഷ്യർക്കിടയിൽ യാതൊരുവിധ വിവേചനവും പാടില്ലെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു. പ്രവാചകൻ(സ്വ) വിടവാങ്ങൾ പ്രസംഗത്തിൽ പറഞ്ഞു: "...അറബിക്ക് അനറബിയെക്കാളോ, അനറബിക്ക് അറബിയെക്കാളോ, കറുത്തവന് വെളുത്തവനെക്കാളോ, വെളുത്തവന് കറുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല; ജീവിതത്തിൽ പാലിക്കപ്പെടുന്ന സൂക്ഷ്മതയിലല്ലാതെ" (മുസ്‌ലിം, അബൂദാവൂദ്).

മതകാര്യങ്ങളിൽ ബലപ്രയോഗം പാടില്ല എന്നതാണ് ഇസ്‌ലാമിന്റെ നിലപാട്. "മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു..." (ക്വുർആൻ 2:256).

ഏഴാം നൂറ്റാണ്ടിലെ അറേബ്യൻ സാഹചര്യത്തിൽ സ്ത്രീകൾക്ക് ജീവിക്കാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ടിരുന്നപ്പോൾ, ലോകത്തിന്റെ പല ഭാഗങ്ങളിലും അവർ പാരതന്ത്ര്യത്തിന്റെ ചട്ടക്കൂടിൽ കഴിഞ്ഞപ്പോൾ, അവർക്ക് സ്വത്തവകാശം, വിവാഹസ്വാതന്ത്ര്യം, അറിവ് നേടാനുള്ള അവകാശം, ആരാധനാ സ്വാതന്ത്ര്യം, പുനർവിവാഹം, വിധവാവിവാഹം, ഭർത്താവിൽനിന്ന് എല്ലാവിധ ആവശ്യങ്ങളും സുരക്ഷിതത്വവും ലഭിക്കാനുള്ള അവകാശം, ആദരവ് തുടങ്ങിയവ ഇസ്‌ലാം ഉറപ്പുനൽകി.

ധനികരുടെ സ്വത്തിൽ ഒരു നിശ്ചിത ഓഹരി സകാത്തായി പാവപ്പെട്ടവർക്ക് നൽകൽ നിർബന്ധമായി പ്രഖ്യാപിച്ചതിലൂടെ ഇസ്‌ലാം സാധുക്കളെ ചേർത്തുപിടിക്കുന്നു; സമ്പത്തിന്റെ വികേന്ദ്രീകരണം ഉറപ്പാക്കുന്നു. വയോജനങ്ങൾ, മർദിതർ, വഴിയാത്രികർ, അയൽവാസികൾ, അനാഥർ, വിധവകൾ, അടുത്ത കുടുംബക്കാർ... ഇവർക്കൊക്കെ ലഭിക്കേണ്ട അവകാശങ്ങൾ ഇസ്‌ലാം വ്യക്തമാക്കിയിട്ടുണ്ട്.

ആധുനിക മനുഷ്യാവകാശങ്ങൾ മനുഷ്യകേന്ദ്രീകൃതമാണ്. അതായത്, മനുഷ്യൻ തന്നെയാണ് അവകാശങ്ങൾ നിശ്ചയിക്കുന്നതും നടപ്പിലാക്കുന്നതും. എന്നാൽ ഇസ്‌ലാമിക മനുഷ്യാവകാശങ്ങൾ ദൈവകേന്ദ്രീകൃതമാണ്. ഇവിടെ അവകാശങ്ങൾ വിനിയോഗിക്കുമ്പോൾ ദൈവത്തോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്തം കൂടി മനുഷ്യനുണ്ടാകുന്നു. സ്വാതന്ത്ര്യം എന്നതിനർഥം മറ്റുള്ളവരുടെ അവകാശങ്ങളെ ഹനിക്കുന്ന തരത്തിലുള്ള അനിയന്ത്രിതമായ സ്വാതന്ത്ര്യമല്ല, മറിച്ച് ധാർമികമായ അതിർവരമ്പുകൾക്കുള്ളിൽ നിന്നുകൊണ്ടുള്ള സ്വാതന്ത്ര്യമാണ്.

ചരിത്രത്തിൽ പലപ്പോഴും മുസ്‌ലിം നാമധാരികളായ ഭരണാധികാരികളിൽനിന്നോ വിഭാഗങ്ങളിൽ നിന്നോ ഉണ്ടായിട്ടുള്ള മനുഷ്യാവകാശ ലംഘനങ്ങൾ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമാണ്. അതിനൊന്നും ഇസ്‌ലാം ഉത്തരവാദിയല്ല. ■



# രക്ഷിതാക്കൾ: മക്കൾ ആഗ്രഹിക്കുന്നതെന്ത്?

റോഷൻ പുനലൂർ
: 8590613225

കുട്ടികളുടെ പക്ഷത്തു നിന്ന് ചിന്തിക്കുകയും അവരുടെ കണ്ണിലൂടെ കാണുകയും അവരുടെ കാതിലൂടെ കേൾക്കുകയും ചെയ്യുന്ന ഒരു മനോഭാവം രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാവുകയാണെങ്കിൽ, പല പരാതികളും ഇല്ലാതാകുമെന്ന് മാത്രമല്ല, അത് കുടുംബ ജീവിതത്തിൽ പുതിയൊരു അധ്യായത്തിന് തുടക്കം കുറിക്കുകയും ചെയ്യും.

മക്കളെ കുറിച്ച് പരാതികളില്ലാത്ത രക്ഷിതാക്കൾ വളരെ അപൂർവമായിരിക്കും. അവർ ഭക്ഷണം കഴിക്കുന്നതിൽ മുതൽ അവരുടെ നടത്തം, ഉറക്കം, പഠനം, വിനോദം, കളി, കൂട്ടുകെട്ട് തുടങ്ങി ജീവിതവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും രക്ഷിതാക്കൾക്ക് ഒരുപാട് പരാതികളുണ്ടായിരിക്കും; വിശിഷ്യാ കൗമാരക്കാരെ കുറിച്ച്, അതിൽ ആൺ-പെൺ വ്യത്യാസമില്ല. എന്നാൽ കുട്ടികളുടെ പക്ഷത്തു നിന്ന് ചിന്തിക്കുകയും അവരുടെ കണ്ണിലൂടെ കാണുകയും അവരുടെ കാതിലൂടെ കേൾക്കുകയും ചെയ്യുന്ന ഒരു മനോഭാവം രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് ഉണ്ടാവുകയാണെങ്കിൽ, പല പരാതികളും ഇല്ലാതാകുമെന്ന് മാത്രമല്ല, അത് കുടുംബ ജീവിതത്തിൽ പുതിയൊരു അധ്യായത്തിന് തുടക്കം കുറിക്കുകയും ചെയ്യും.

വസ്ത്രം, സ്മാർട്ട് ഫോൺ, ബൈക്ക്, ഇലക്ട്രോണിക് ഗാഡ്ജറ്റുകൾ, ഭക്ഷണ പാനീയാങ്ങൾ, സ്കൂൾ ഫീസ്, പോക്കറ്റ് മണി തുടങ്ങിയ, കുട്ടികളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ച് കൊടുത്താൽ അവർ സംതൃപ്തരായി എന്നാണ് നാം

**തന്റെ മക്കൾ മോശപ്പെട്ടവരായി മാറണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കളുണ്ടാകില്ല. എല്ലാവരും ആഗ്രഹിക്കുന്നത് അവർ നല്ലവരായി മാറുവാനാണ്. ആഗ്രഹിച്ചാൽ പോരാ, അതിനായി ആത്മാർഥമായി പ്രവർത്തിക്കുകയും പ്രാർഥിക്കുകയും വേണം. അവർക്ക് ഇസ്‌ലാമിക പാഠങ്ങൾ പകർന്നുനൽകണം. പ്രവാചകന്റെ ഉദാത്ത ജീവിത മാതൃകയിൽ അവരെ വളർത്താൻ പരിശ്രമിക്കണം. അതിനു മുമ്പ് മാതൃകാ മുസ്‌ലിമായി മാതാവും പിതാവും മാറുകതന്നെ വേണം.**

പൊതുവെ ധരിച്ചുവെച്ചിട്ടുള്ളത്. നമ്മുടെ മക്കളുടെ ഭൗതികമായ ഈ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നതോടൊപ്പം അവരുടെ വൈകാരികവും ആത്മീയവുമായ ആവശ്യങ്ങൾ കൂടി പൂർത്തീകരിച്ചുകൊടുക്കാൻ രക്ഷിതാക്കൾ ശ്രമിക്കുന്നത് നന്നായിരിക്കും.

**നമ്മുടെ അരുമ സന്താനങ്ങൾ നമ്മിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്?**

1) കുട്ടികൾ രക്ഷിതാക്കളിൽനിന്ന് പ്രതീക്ഷിക്കുന്ന ഒന്നാമത്തെ കാര്യം തങ്ങളുടെ രക്ഷിതാക്കൾ സൗഭാഗ്യവാന്മാരായിരിക്കുക എന്നതാണ്. സാമ്പത്തികമായ സുസ്ഥിതി മാത്രമല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികൾക്ക് ആവശ്യമായ എല്ലാവിധ സുരക്ഷയും നൽകാൻ രക്ഷിതാക്കൾക്ക് സാധിക്കലാണ് സൗഭാഗ്യംകൊണ്ട് ഉദ്ദേശിക്കുന്നത്. വൈകാരികമായ സംരക്ഷണമാണ് അതിൽ ഏറ്റവും പ്രധാനം. തള്ളക്കോഴി അതിന്റെ കുഞ്ഞുങ്ങൾക്ക് നൽകുന്ന പരിരക്ഷ കണ്ടിട്ടില്ലേ? അതുപോലെ രക്ഷിതാക്കൾ കുട്ടികൾക്ക് പകർന്നു നൽകേണ്ടതായ സ്നേഹവും സുരക്ഷിതത്വ ബോധവുമുണ്ട്. അത് നൽകാൻ രക്ഷിതാക്കൾക്ക് കഴിയണമെന്നതാണ് ഏതൊരു കുട്ടിയുടെയും അഭിലാഷം. സ്നേഹമാണ് സൗഭാഗ്യത്തിന്റെ താക്കോൽ. ആ താക്കോൽ ലഭിച്ചാൽ കുടുംബത്തിൽ ഐശ്വര്യത്തിന്റെ പരിമളം പരിലസിക്കും. അത് കുട്ടികൾക്ക് ആത്മവിശ്വാസത്തിന്റെ കരുത്ത് പകരാൻ സഹായകമാണ്.

2) രക്ഷിതാക്കളിൽനിന്ന് കുട്ടികൾ പ്രതീക്ഷിക്കുന്ന മറ്റൊരു കാര്യം അവരെ നന്നായി പരിഗണിക്കുക എന്നതാണ്. നമ്മുടെ വാക്ക്, പ്രവൃത്തി, വൈകാരിക സമീപനങ്ങൾ എന്നിവയിലൂടെ കുട്ടികളെ ഒരു ലോപവും കൂടാതെ നന്നായി പരിഗണിക്കുക. രക്ഷിതാക്കളിൽനിന്ന് കുട്ടികൾ അവഗണന നേരിടുമ്പോഴാണ് അവർ മറ്റു വഴികൾ തേടിപ്പോകുന്നത്. അങ്ങനെയാണ് ഒളിച്ചോട്ടങ്ങൾ സംഭവിക്കുന്നത്. 'നിങ്ങൾ ആരാകാൻ ആഗ്രഹിക്കുന്നു' എന്നതിനെ കുറിച്ച് ടീച്ചർ എഴുതാൻ പറഞ്ഞപ്പോൾ ഒരു കുട്ടി എഴുതിയത് 'എനിക്ക് മൊബൈൽ ഫോൺ ആകാനാണ് ആഗ്രഹം' എന്നായിരുന്നു. കാരണം തിരക്കിയ ടീച്ചറോട് കുട്ടിയുടെ പ്രതികരണം, വാപ്പയും ഉമ്മയും എപ്പോഴും മൊബൈൽ ഫോൺ നോക്കിക്കൊണ്ടിരിക്കുന്നു എന്നായിരുന്നു. ഇതിലെ അതിശയോക്തി ഒഴിവാക്കിയാൽ, രക്ഷിതാക്കൾ തന്നെ പരിഗണിക്കാത്ത ഒരു കുട്ടിയുടെ മനസ്സിന്റെ വേദന ഇതിൽനിന്ന് വായിച്ചെടുക്കാം.

3) കുട്ടികളെ ശ്രദ്ധിച്ച് കേൾക്കുക എന്നതാണ് അവർ നമ്മിൽനിന്ന് പ്രതീക്ഷിക്കുന്ന മറ്റൊരു കാര്യം. അവരുമായി ചെലവഴിക്കാൻ നാം സമയം നീക്കിവെക്കേണ്ടതുണ്ട്. അതിലൂടെ അവരുടെ നന്മകൾ കാണാനും അവരെ അഭിനന്ദിക്കുവാനും തിരുത്തേണ്ടത് തിരുത്തിക്കാനും അവസരം കിട്ടുന്നു. അവരുടെ സംശയങ്ങൾ ദൂരീകരിക്കാനും

ഇതിലൂടെ അവസരമുണ്ടാവുന്നു. കുട്ടികളുടെ ചെറിയ തെറ്റുകൾ കണ്ട് ശകാരിക്കുന്നത് ഗുണത്തെക്കാളേറെ ദോഷമാണ് ചെയ്യുക. നല്ല നിലയിൽ അത് തിരുത്തിക്കാം. അവരെ കുറിച്ച് നാം അഭിമാനംകൊള്ളുന്നുണ്ടെന്ന് കുട്ടികൾ മനസ്സിലാക്കട്ടെ. നല്ല വാക്കുകൾകൊണ്ട് അവരെ പ്രചോദിപ്പിക്കുക. ഞങ്ങളുടെ ജീവിതത്തിന്റെ സൗന്ദര്യമാണ് നിങ്ങളെന്ന് അവരെ ധരിപ്പിക്കുക. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തുതന്നെയായാലും അത് നിങ്ങളോട് തുറന്നു പറയാൻ അവർക്ക് അവസരവും ധൈര്യവും നൽകുക. അവരുടെ ഭാവി ഭാസുരമാകാൻ പ്രാർഥിക്കുക.

4) വാൽസല്യത്തോടെ ആശ്ലേഷിക്കുക: പിഞ്ചുകുഞ്ഞായിരിക്കെ, നാം എത്രയോ പ്രാവശ്യം മക്കളെ ചുംബിക്കുകയും കെട്ടിപ്പുണരുകയും ചെയ്തതാണ്. എന്നാൽ അവർ കൗമാര പ്രായത്തിലേക്കത്തുമ്പോൾ നാം അവരിൽനിന്നും അവർ നമ്മിൽനിന്നും അകലുകയാണ്. ഈ അകൽച്ച ഇല്ലാതാക്കുവാനുള്ള മാർഗങ്ങളിൽ ഒന്നാണ് അവരെ വാൽസല്യത്തോടെ ആശ്ലേഷിക്കൽ. അവർ നമ്മുടെ സ്പർശനത്തിനായി ദാഹിക്കുന്നവരാണെന്നത് നാം തിരിച്ചറിയണം. അവരെ ചേർത്തുപിടിച്ച് തലയിലൂടെ ഒന്ന് വിരലോടിച്ച് നോക്കൂ. നിങ്ങളും അവരും തമ്മിലുള്ള ബന്ധത്തിൽ മഞ്ഞുരുക്കം അനുഭവപ്പെടും. ഇതിലൂടെ ഇരുകൂട്ടർക്കും ഒരു അവാച്യമായ അനുഭൂതി ലഭിക്കുന്നു. ഇതായിരുന്നു പ്രവാചകന്റെ മാതൃക. മകൾ ഫാത്വിമ തന്റെ അടുത്തേക്ക് വന്നാൽ പ്രവാചകൻ(സ്വ) എഴുന്നേറ്റ് അവരെ സ്വീകരിക്കുകയും ഉമ്മ വെക്കുകയും ചെയ്യുന്ന രംഗം എത്ര ചേതോഹരമാണ്! എന്നിട്ട് അവരെ അരികിൽ പിടിച്ചിരുത്തുകയും കുശലം പറയുകയും ചെയ്യുന്നു. സ്നേഹം മനസ്സിൽ ഒളിപ്പിച്ചതുകൊണ്ടായില്ല, അത് പ്രകടിപ്പിക്കാൻ കഴിയണം.

5) കുട്ടികളെ പ്രശംസിക്കുക: നാലുപേർ കേൾക്കുന്ന വിധത്തിൽ കുട്ടികളെ അവരുടെ ഏതെങ്കിലും നന്മയുടെ, നേട്ടത്തിന്റെ പേരിൽ നിങ്ങൾ ഒന്ന് പ്രശംസിച്ച് നോക്കൂ. അത് അവരെ ഏറെ സന്തോഷഭരിതരാക്കും. നിങ്ങളുടെ പ്രശംസ അവർക്ക് വർധിച്ച ആത്മവീര്യം നൽകും. സാഹിത്യത്തിൽ നോബൽ പ്രൈസ് ലഭിച്ച ഒർഹാൻ പാമുക്ക് അവാർഡ് സ്വീകരണ ചടങ്ങിൽ സംസാരിക്കവെ പറഞ്ഞ ചില കാര്യങ്ങളുണ്ട്. കുട്ടികളെ ഉന്നതിയിലേക്കെത്തിക്കണം എന്ന് ആഗ്രഹിക്കുന്ന ഏതൊരു രക്ഷിതാവിനും അത് മാതൃകയാക്കാവുന്നതാണ്. അദ്ദേഹം പറഞ്ഞു: "ഈ മഹത്തായ അവാർഡിന് എന്നെ അർഹനാക്കിയതിൽ എന്റെ പിതാവിനുള്ള പങ്ക് നിസ്തുലമാണ്. കുട്ടിയായിരിക്കെ ഞാൻ കടലാസിൽ എന്തൊക്കെയൊ കുറിച്ചിടുമായിരുന്നു. ദീർഘയാത്ര കഴിഞ്ഞ് വരുന്ന പിതാവിന് ഞാൻ അത് സമർപ്പിക്കുമ്പോൾ അദ്ദേഹം എന്നെ കെട്ടിപ്പുണരും. എന്നിട്ട് പറയും: 'ഒർഹാൻ, ഒരു കാലം വരും. അന്ന് നീ സാഹിത്യത്തറവാട്ടിലെ കുലപതിയാകും." പിൽക്കാലത്ത് പിതാവിന്റെ ആ പ്രവചനം യാഥാർഥ്യമായി.

സുനാമി പോലെ വിവരങ്ങൾ പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഇതൊക്കെ മിക്കവർക്കും അറിയുമായിരിക്കും. എന്നാൽ ആ അറിവ് പ്രായോഗികമാക്കുന്നതിൽ താൽപര്യം കാണിക്കുന്നില്ല. തന്റെ മക്കൾ മോശപ്പെട്ടവരായി മാറണമെന്ന് ആഗ്രഹിക്കുന്ന മാതാപിതാക്കളുണ്ടാകില്ല. എല്ലാവരും ആഗ്രഹിക്കുന്നത് അവർ നല്ലവരായി മാറുവാനാണ്. ആഗ്രഹിച്ചാൽ പോരാ, അതിനായി ആത്മാർഥമായി പ്രവർത്തിക്കുകയും പ്രാർഥിക്കുകയും വേണം. അവർക്ക് ഇസ്‌ലാമിക പാഠങ്ങൾ പകർന്നുനൽകണം. പ്രവാചകന്റെ ഉദാത്ത ജീവിത മാതൃകയിൽ അവരെ വളർത്താൻ പരിശ്രമിക്കണം. അതിനു മുമ്പ് മാതൃകാ മുസ്‌ലിമായി മാതാവും പിതാവും മാറുക തന്നെ വേണം. ■



# നമ്മൾ മക്കൾക്ക് മാതൃകയാണോ?

ഉസ്മാൻ പാലക്കാഴി
: 9656 292 244

“കുട്ടികൾക്കാകട്ടെ അനുകരണീയമായ സ്വഭാവത്തോടുകൂടിയ വ്യക്തിവിശേഷമുള്ളവരെ കൂട്ടിന് ലഭിക്കുന്നില്ല. ടി.വി ചാനലുകളിൽ കാണുന്ന വയലൻസാണ് ബാലമനസ്സുകളെ സ്വാധീനിക്കുന്നത്. പത്തു വയസ്സിന് മുകളിലുള്ള ഇന്നത്തെ കുട്ടികളുടെ ചിന്തയും അവരുടെ ചർച്ചാവിഷയവും ലൈംഗിക കാര്യങ്ങളാണ്... ഏതു തരത്തിലും രൂപപ്പെടുത്താൻ പറ്റിയ കൗമാരപ്രായക്കാർ ഇന്ന് വൃത്തികെട്ട സാധനങ്ങൾ കുത്തിനിറച്ച കീറച്ചാക്കുകളായി മാറുകയാണ്. ആദ്യം ചികിത്സ വേണ്ടത് മാതാപിതാക്കൾക്കാണ്” ബി. സന്ധ്യ ഐ.പി.എസ് ഒരു ചാനൽ പരിപാടിയിൽ പറഞ്ഞതാണിത്.

ഇത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കുന്നതാണ്. ആരാണിന്ന് സമൂഹത്തിലും കുടുംബത്തിലും മക്കൾക്ക് മാതൃകയായിട്ടുള്ളത്? മാതാപിതാക്കൾ മാതൃകായോഗ്യരാണോ? അധ്യാപകർ മാതൃകയാണോ? അയൽവാസികളും ബന്ധുക്കളും മാതൃകായോഗ്യരാണോ? എല്ലാവരും മോശമാണ് എന്നല്ല ഇപ്പറഞ്ഞതിനർഥം.

സൽഗുണങ്ങൾ സമൂഹത്തിന്റെ മാറ്റത്തിനുള്ള വഴിയാണ്; സമൂഹത്തെ നേർവഴിയിലേക്ക് നയിക്കാനുള്ള ആയുധം. വീഴ്ച കൂടാതെ അത് നടപ്പിൽ വരുത്തിയാൽ ഖുർആൻ പറയുന്ന ഉന്നതമായ സ്വഭാവ രുപീകരണത്തിൽ അനിഷേധ്യമായ പങ്ക് വഹിക്കാനും സൽഫലങ്ങൾ നൽകാനും ഉത്തമ സ്വഭാവങ്ങൾക്ക് സാധിക്കും. അത് ഒരുപാട് കാലം ജീവിച്ചവരിൽ പെട്ടെന്ന് നടാൻ പറ്റുന്ന ഒന്നല്ല. മറിച്ച് ചെറുപ്പം മുതൽ കൃത്യമായ തർബിയ്യത്തോടെ വളർത്തപ്പെടുന്ന കുട്ടികളിലൂടെ മാത്രമെ സമൂഹത്തിന് പകർന്നു നൽകാൻ സാധിക്കൂ. അല്ലാഹു എല്ലാം നിരീക്ഷിക്കുന്നവനാണെന്നും അതിനാൽ അവനെ ഭയന്ന് ജീവിക്കണമെന്നുമുള്ള വിശ്വാസം മക്കളിൽ വളർത്തണം. നന്മ കൽപിക്കാനും തിന്മ വിരോധിക്കാനുമുള്ള ഒരു ചിന്ത അവരിൽ നിക്ഷേപിക്കപ്പെടണം.

ഓർമവെക്കുന്നത് മുതൽ കുഞ്ഞിന്റെ മാതൃക തന്റെ മുന്നിലുള്ള മാതാവും പിതാവുമായിരിക്കും. അവരുടെ ചലനങ്ങളെയും സ്വഭാവരീതികളെയും കടമെടുത്തു മാതൃകയാക്കി ജീവിക്കുന്നവരാണ് കുട്ടികൾ എന്നതിനാൽ കാര്യങ്ങളെ വളരെ ശ്രദ്ധാപൂർവം കൈകാര്യം ചെയ്യാൻ ഇരുവരും ശ്രദ്ധിക്കണം. കേൾക്കുകയും കാണുകയും ചെയ്യുന്നതിനെ അപ്പടി അനുകരിക്കുന്ന പ്രായമായതിനാൽ മാതൃകാപരമായ ജീവിതം നയിക്കുന്നവരായിരിക്കണം രക്ഷിതാക്കൾ. ഈയൊരു പ്രായത്തിൽ മക്കളുടെ കാര്യത്തിൽ കാണിക്കുന്ന ശുഷ്കാന്തിയും ശ്രദ്ധയും പരിചരണവുമാണ് അവന്റെ ജീവിതത്തെ അടിമുടി പരിഷ്കരിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്യുക. അത്തരം ശ്രദ്ധപതിയേണ്ട സുപ്രധാന ഘട്ടമാണ് കുട്ടിക്കാലം.

അതിനാൽ തന്നെ കുട്ടിയുടെ ഇളം പ്രായത്തിൽ തന്നെ അവരിലേക്ക് രക്ഷിതാക്കളുടെ ശ്രദ്ധ പതിയണം. അങ്ങനെയെങ്കിൽ ഭാവിയിൽ കാര്യങ്ങളെ വേണ്ടവിധം മനസ്സിലാക്കിക്കൊടുക്കാൻ യാതൊരു പ്രയാസവുമുണ്ടാവില്ല. ആ പ്രായത്തിൽ അശ്രദ്ധ കൊണ്ടോ അജ്ഞത കൊണ്ടോ കൃത്യമായ തർബിയത്ത് മക്കൾക്ക് നൽകപ്പെട്ടിട്ടില്ലെങ്കിൽ ഘട്ടംഘട്ടമായി കുട്ടിയുടെ ജീവിതത്തിൽ ഇടപെടാൻ രക്ഷിതാക്കൾക്ക് സാധിക്കണം. മക്കൾ രക്ഷിതാക്കളുടെ പിടിവിട്ടുപോകുന്നതിനു മുമ്പ് ഇത്തരം കാര്യങ്ങൾ ശ്രദ്ധിച്ചാൽ അവരിൽ ഉത്തമ സ്വഭാവഗുണങ്ങൾ വളരെ വേഗം വളർത്തിയെടുക്കാം. ■



# സഹനത്തിലൂടെ സ്വർഗത്തിലേക്ക്

മെഹബൂബ് മദനി ഒറ്റപ്പാലം
: 7736398840

**പലപ്പോഴും കുറ്റബോധത്തിന്റെ അകമ്പടിയോടെ മാത്രം പറയുന്ന വാക്കാണ് ക്ഷമ. 'ക്ഷമ ആദ്യ ഘട്ടത്തിലാണ് വേണ്ടത്' എന്ന പ്രവാചക വചനം സാർഥകമാവുന്നത് അതുകൊണ്ട് തന്നെയാണ്. ആന്തരിക ശക്തിയായും ജേതാക്കളുടെ ലക്ഷണമായും മതം പരിചയപ്പെടുത്തുന്ന ക്ഷമയിലൂടെ പാരത്രിക ജീവിതത്തിലെ ഉന്നത വിജയമാണ് സത്യവിശ്വാസികൾക്ക് ഇസ്‌ലാം വാഗ്ദാനം ചെയ്യുന്നത്...**

മനുഷ്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതും ഏറ്റവും മഹത്തരവുമായ ഒരു ഗുണമാണ് ക്ഷമ. പ്രതികൂല സാഹചര്യങ്ങളിലും പ്രകോപനങ്ങളിലും സ്വയം നിയന്ത്രിക്കാനും ശാന്തത പാലിക്കാനുമുള്ള കഴിവാണ് ക്ഷമ. ശാസ്ത്ര-സാങ്കേതിക വിദ്യയിൽ മികച്ചു നിൽക്കുന്ന വർത്തമാനകാല മനുഷ്യരിൽ നിന്ന് വിനഷ്ടമായിക്കൊണ്ടുരിക്കുന്ന ഒന്നാണിത്.

ക്ഷമ എന്നത് കേവലം കാത്തിരിക്കൽ മാത്രമല്ല, കാത്തിരിക്കുമ്പോൾ നമ്മൾ പുലർത്തുന്ന നല്ല മനോഭാവം കൂടിയാണ്.

**ക്ഷമ എന്നത് ബലഹീനതയല്ല; ഒരു വ്യക്തിയുടെ ഏറ്റവും വലിയ ആന്തരിക ശക്തിയാണ്. പ്രതിസന്ധികളിൽ തളരാതെ, പ്രതികൂല സാഹചര്യങ്ങളെ ക്ഷമയോടെ നേരിടുന്നവനാണ് യഥാർഥ ജേതാവ്. ശാന്തവും സമാധാനപരവുമായ ഒരു സമൂഹസൃഷ്ടിക്കും വ്യക്തിപരമായ ഉന്നതിക്കും നമ്മളിൽ ഓരോരുത്തരിലും ക്ഷമ എന്ന ഗുണം ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. സർവോപരി ഒരു മുസ്‌ലിമിന്റെ ഉദാത്തമായ ഗുണമാണത്.**

*വ്യക്തിബന്ധങ്ങളുടെ ദൃഢത:* കുടുംബത്തിലായാലും സൗഹൃദങ്ങളിലായാലും ചെറിയ തെറ്റുധാരണകളുടെ പേരിൽ ബന്ധങ്ങൾ തകരാൻ നിമിഷങ്ങൾ മതി. എന്നാൽ ക്ഷമയോടെ കേൾക്കാനും മനസ്സിലാക്കാനും ശ്രമിച്ചാൽ ഏത് വലിയ പ്രശ്നവും പരിഹരിക്കാൻ സാധിക്കും.

*മാനസികാരോഗ്യം:* ദേഷ്യവും അക്ഷമയും മാനസിക സമ്മർദവും ബിപി പോലെയുള്ള ശാരീരിക ബുദ്ധിമുട്ടുകളും ഉണ്ടാക്കുന്നു. കാര്യങ്ങളെ ക്ഷമയോടെ സമീപിക്കുന്നവർക്ക് മികച്ച മാനസികാരോഗ്യവും സമാധാനവും നിലനിർത്താൻ കഴിയുന്നു.

*വിജയത്തിലേക്കുള്ള വഴി:* ലക്ഷ്യങ്ങൾ ഒറ്റദിവസംകൊണ്ട് നേടിയെടുക്കാൻ കഴിയില്ല. കഠിനാധ്വാനത്തോടൊപ്പം ക്ഷമയോടെയുള്ള കാത്തിരിപ്പും ഉണ്ടെങ്കിൽ മാത്രമെ ഏതൊരു മേഖലയിലും സ്ഥിരതയാർന്ന വിജയം സ്വന്തമാക്കാൻ സാധിക്കൂ. വിത്തുപാകി അത് വൃക്ഷമായി ഫലം തരുന്നതുവരെ കാത്തിരിക്കേണ്ടതുണ്ട്.

**അക്ഷമ വരുത്തിവയ്ക്കുന്ന വിനകൾ**

ഇന്നത്തെ തലമുറയ്ക്ക് എല്ലാം പെട്ടെന്ന് വേണം. ഈ അക്ഷമ പലപ്പോഴും റോഡപകടങ്ങൾ, പെട്ടെന്നുള്ള ദേഷ്യത്തിൽ ചെയ്യുന്ന കുറ്റകൃത്യങ്ങൾ, ആലോചനയില്ലാത്ത തീരുമാനങ്ങൾ എന്നിവയിലേക്ക് നയിക്കുന്നു. ഒരു നിമിഷത്തെ അക്ഷമ ജീവിതകാലം മുഴുവൻ നീളുന്ന കണ്ണീരിന് കാരണമായേക്കാം.

**ക്ഷമ എങ്ങനെ വളർത്തിയെടുക്കാം?**

*ചിന്തിച്ചതിനു ശേഷം പ്രതികരിക്കുക:* ഏതൊരു പ്രകോപനപരമായ സാഹചര്യത്തിലും പെട്ടെന്ന് മറുപടി കൊടുക്കാതെ കുറച്ച് നിമിഷങ്ങൾ ശാന്തമായിരിക്കുക.

*സാഹചര്യങ്ങളെ ഉൾക്കൊള്ളുക:* നമ്മുടെ നിയന്ത്രണത്തിലല്ലാത്ത കാര്യങ്ങളെക്കുറിച്ച് ഓർത്ത് ആകുലപ്പെടാതിരിക്കുക (ഉദാഹരണത്തിന്: ട്രാഫിക് ബ്ലോക്ക്).

*ആശയവിനിമയം:* മറ്റുള്ളവരുടെ ഭാഗം കൂടി കേൾക്കാനുള്ള മനസ്സ് കാണിക്കുക.

**ക്ഷമയും സത്യവിശ്വാസികളും**

മരണാനന്തര ജീവിതത്തിൽ സ്വർഗം ലഭിക്കുവാൻ വിശ്വാസികൾ ഒരുക്കിവയ്ക്കേണ്ടുന്ന പാഥേയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സഹനം അഥവാ ക്ഷമ എന്ന സൽഗുണം. ക്ഷമ കൈക്കൊള്ളുന്നവർക്കാണ് ആത്യന്തികമായ വിജയം എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. ഭൗതിക ജീവിതത്തിൽ അൽപമൊക്കെ സഹിക്കുവാനും ക്ഷമിക്കുവാനും കഴിയാത്തവർക്ക് എവിടെയും എത്തിച്ചേരുവാൻ സാധിക്കുകയില്ലെന്നത് യാഥാർഥ്യമാണ്. അതിന് നമ്മുടെ മുമ്പിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. എങ്കിൽ പിന്നെ സ്വർഗം നേടണമെങ്കിൽ ക്ഷമിക്കാതെ കഴിയുമോ? ഒരിക്കലുമില്ല! സ്രഷ്ടാവ് അക്കാര്യം വ്യക്തമാക്കുന്നത് ഇങ്ങനെയാണ്:

"അതല്ല, നിങ്ങളിൽനിന്ന് ധർമസമരത്തിൽ ഏർപ്പെട്ടവരെയും ക്ഷമാശീലരെയും അല്ലാഹു തിരിച്ചറിഞ്ഞിട്ടല്ലാതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിച്ചുകളയാമെന്ന് നിങ്ങൾ വിചാരിച്ചിരിക്കുകയാണോ?" (ക്വുർആൻ 3:142).

ഇഹലോക ജീവിതത്തിൽ നാം ഒരുപാട് പരീക്ഷണങ്ങൾക്ക് വിധേയരാകും. അതൊരുപക്ഷേ, ശാരീരികമോ മാനസികമോ ആയിരിക്കാം. അത്തരം സന്ദർഭങ്ങളിലെല്ലാം വിശ്വാസികൾ ക്ഷമയവലംബിക്കണം എന്നാണ് റബ്ബിന്റെ കൽപന:

**മരണാനന്തര ജീവിതത്തിൽ സ്വർഗം ലഭിക്കുവാൻ വിശ്വാസികൾ ഒരുക്കിവയ്ക്കേണ്ടുന്ന പാഥേയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സഹനം അഥവാ ക്ഷമ എന്ന സൽഗുണം. ക്ഷമ കൈക്കൊള്ളുന്നവർക്കാണ് ആത്യന്തികമായ വിജയം എന്നാണ് ഇസ്‌ലാമിന്റെ അധ്യാപനം. ഭൗതിക ജീവിതത്തിൽ അൽപമൊക്കെ സഹിക്കുവാനും ക്ഷമിക്കുവാനും കഴിയാത്തവർക്ക് എവിടെയും എത്തിച്ചേരുവാൻ സാധിക്കുകയില്ലെന്നത് യാഥാർഥ്യമാണ്. അതിന് നമ്മുടെ മുമ്പിൽ എത്രയോ ഉദാഹരണങ്ങളുണ്ട്. എങ്കിൽ പിന്നെ സ്വർഗം നേടണമെങ്കിൽ ക്ഷമിക്കാതെ കഴിയുമോ? ഒരിക്കലുമില്ല!**

“തീർച്ചയായും നിങ്ങളുടെ സ്വത്തുക്കളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിക്കപ്പെടുന്നതാണ്. നിങ്ങൾക്കു മുമ്പ് വേദം നൽകപ്പെട്ടവരിൽനിന്നും ബഹുദൈവാരാധകരിൽനിന്നും നിങ്ങൾ ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടിവരികയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നുവെങ്കിൽ തീർച്ചയായും അത് ദൃഢനിശ്ചയം ചെയ്യേണ്ടുന്ന കാര്യങ്ങളിൽ പെട്ടതാകുന്നു” (3:186).

ക്ഷമ മുഴുവൻ പ്രവാചകന്മാരുടെയും മഹിതമായ സദ്ഗുണമാണ്. നബി(സ്വ) പീഡിപ്പിക്കപ്പെട്ടപ്പോൾ മുൻകാല പ്രവാചകൻമാരുടെ സഹനത്തിന്റെ ചരിത്രം ഓർമിപ്പിച്ചുകൊണ്ടാണ് അല്ലാഹു അദ്ദേഹത്തെ സമാശ്വസിപ്പിച്ചത്.

“അല്ല, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവർ(വിശ്വാസികൾ)ക്കുണ്ടായതു പോലുള്ള അനുഭവങ്ങൾ നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക് സ്വർഗത്തിൽ പ്രവേശിക്കാനാകുമെന്ന് നിങ്ങൾ ധരിച്ചിരിക്കയാണോ? പ്രയാസങ്ങളും ദുരിതങ്ങളും അവരെ ബാധിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കും എന്ന് അവരിലെ ദൈവദൂതനും അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരും പറഞ്ഞുപോകുമാറ് അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ സഹായം അടുത്തു തന്നെയുണ്ട്” (2:214).

സഹനത്തെക്കാൾ വലിയൊരു സമ്പത്ത് ആർക്കും ലഭിക്കാനില്ലെന്നാണ് തിരുദൂതരുടെ വാക്കുകൾ. അബൂസഈദി(റ)ൽനിന്ന്: “ചില അൻസ്വാരികൾ നബി(സ്വ)യോട് യാചിച്ചു. നബി(സ്വ) അവർക്ക് കൊടുത്തു. പിന്നെയും യാചിച്ചു. കൈയിലുള്ളത് കൊടുത്തുതീർന്നപ്പോൾ നബി(സ്വ) പറഞ്ഞു: ‘നിങ്ങൾക്കു തരാതെ ഞാനൊന്നും സംഭരിച്ചു വെക്കുന്നതല്ല. ആരെങ്കിലും യാചന ഉപേക്ഷിച്ചാൽ അല്ലാഹു അവനെ പരാശ്രയ രഹിതനാക്കും. ഐശ്വര്യം പ്രകടിപ്പിച്ചാൽ അല്ലാഹു അവനെ ധന്യനാക്കും. ക്ഷമ കൈക്കൊണ്ടാൽ അല്ലാഹു അവനെ ക്ഷമാശീലനാക്കും. ആർക്കും സഹനത്തെക്കാൾ വലുതായി യാതൊന്നും ലഭിച്ചിട്ടില്ല” (ബുഖാരി, മുസ്‌ലിം).

ജീവിതത്തിന്റെ ഏത് വിഷമാനുഭവങ്ങളെയും പ്രതിഫലാർഹമായി മാറ്റിയെടുക്കുവാനുള്ള അമൂല്യമായ സൗഭാഗ്യം കൂടിയാണ് ക്ഷമയിലൂടെ വിശ്വാസികൾ നേടിയെടുക്കുന്നത്. സുഹൈബി(റ)ൽനിന്ന്; നബി(സ്വ) പറഞ്ഞു: “സത്യവിശ്വാസിയുടെ കാര്യം അത്ഭുതകരം തന്നെയാണ്! എല്ലാം അവന് ഗുണകരമാണ്. ഈ പ്രത്യേകത സത്യവിശ്വാസികൾക്കല്ലാതെ മറ്റാർക്കുമില്ല. അവനൊരു സന്തോഷകരമായ കാര്യം വന്നുഭവിച്ചാൽ അവൻ നന്ദി കാണിക്കും. അത് അവന് നന്മയാണ്. അവന് ഒരു പ്രയാസം ബാധിച്ചാൽ അതിൽ ക്ഷമിക്കും. അതും അവന് നന്മയാണ്” (മുസ്‌ലിം).

കഠിനമായ പ്രയാസങ്ങൾ അനുഭവപ്പെട്ട സന്ദർഭങ്ങളിൽ നബി(സ്വ) ക്ഷമിച്ചതായാണ് ഹദീസുകൾ നമ്മെ പഠിപ്പിക്കുന്നത്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങനെ കാണാം: “നബി(സ്വ)യുടെ അടുത്തേക്ക് മകൾ സൈനബ്(റ) ഒരാളെ അയച്ചുകൊണ്ട് പറഞ്ഞു: ‘എന്റെ കുഞ്ഞ് മരണാസന്നനാ

ണ്. അങ്ങ് ഉടനെ എത്തിച്ചേരണം.' മകളോട് സലാം പറയാനും അതോടൊപ്പം 'തീർച്ചയായും അല്ലാഹുവിന്നുള്ളതാണ് അവൻ പിടിച്ചെടുക്കുന്നത്. അവൻ നൽകിയിട്ടുള്ളതും അവന്റെതുതന്നെ. അവന്റെ അടുക്കൽ കാലാവധി നിർണയിക്കപ്പെട്ടതാണ് സർവതും. അതുകൊണ്ട് അവൾ ക്ഷമിക്കുകയും പ്രതിഫലം കാംക്ഷിക്കുകയും ചെയ്തുകൊള്ളട്ടെ' എന്നു പറയാനും നബി(സ്വ) ആളെ പറഞ്ഞയച്ചു. പിതാവ് തന്റെ അടുക്കൽ വരികതന്നെ വേണമെന്ന് മകൾ സത്യം ചെയ്തു പറഞ്ഞു. ദൂതൻ അക്കാര്യം നബി(സ്വ)യെ അറിയിച്ചു. ഉടനെ നബി(സ്വ) സഅ്ദ്ബ്നു ഉബാദ(റ), മുആദ്ബ്നു ജബൽ(റ) എന്നിവരോടൊപ്പം പുറപ്പെട്ടു. അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന ആ പിഞ്ചു കുഞ്ഞിനെ തന്റെ അടുത്തേക്ക് കൊണ്ടുവന്നപ്പോൾ നബി(സ്വ) അവനെ മടിയിലിരുത്തി. നബി(സ്വ)യുടെ ഇരുകണ്ണുകളും കവിഞ്ഞൊഴുകാൻ തുടങ്ങി. സഅ്ദ്(റ) ചോദിച്ചു: 'ഇതെന്താണ് പ്രവാചകരേ?' നബി(സ്വ) മറുപടി നൽകി: 'ഇത് അല്ലാഹു അവന്റെ ദാസന്മാരുടെ ഹൃദയങ്ങളിൽ ഇട്ടുകൊടുത്ത കാരുണ്യമാണ്. തീർച്ചയായും അല്ലാഹു തന്റെ ദാസന്മാരിൽ കരുണയുള്ളവരോടാണ് കാരുണ്യം കാണിക്കുക.''

രോഗാവസ്ഥയിലും മറ്റു പ്രയാസങ്ങൾ വരുമ്പോഴും ചികിത്സിക്കാതെയും പരിഹാരം കാണാതെയും സഹനത്തിന്റെ മഹത്ത്വവും പറഞ്ഞിരിക്കണമെന്ന് നമ്മൾ മനസ്സിലാക്കരുത്. അല്ലാഹു നമുക്ക് നൽകിയ കഴിവിന്റെ പരമാവധി അനുവദനീയമായ മാർഗങ്ങളിലൂടെ നാം പ്രയാസങ്ങളിൽനിന്നും മുക്തി നേടുവാനും രോഗങ്ങൾക്ക് ചികിത്സിക്കുവാനും പരിശ്രമിക്കേണ്ടതുണ്ട്. ശേഷം റബ്ബിൽ ഭരമേൽപിക്കുകയും പ്രാർഥിക്കുകയും ക്ഷമയവലംബിക്കുകയും വേണം; ഇതാണ് പ്രതിസന്ധികളോടുള്ള ശരിയായ സമീപനരീതി.



പ്രവാചകാധ്യാപനങ്ങളെ നെഞ്ചോട് ചേർത്തുപിടിച്ച സ്വഹാബിമാർ കഠിനമായ ജീവിത സാഹചര്യങ്ങളെ കരുത്തോടെ നേരിടുകയും ക്ഷമയവലംബിക്കുകയും ചെയ്തവരായിരുന്നു. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്യുന്ന ഒരു സംഭവമുണ്ട്: അബൂത്വൽഹ(റ)യുടെ ഉമ്മുസുലൈമി(റ)ലുള്ള ഒരു മകൻ പിതാവ് വീട്ടിലില്ലാത്ത അവസരത്തിൽ മരണപ്പെട്ടു. തൽസമയം ആ മഹതി തന്റെ കുടുംബാംഗങ്ങളോട് ഇപ്രകാരം പറഞ്ഞു: 'ഞാൻ പറയുന്നതുവരെ മരണവാർത്ത അബൂത്വൽഹയോട് നിങ്ങളാരും പറയരുത്.' അബൂത്വൽഹ തിരിച്ചുവന്നപ്പോൾ ആ മഹതി അദ്ദേഹത്തിന് ഭക്ഷണപാനീയങ്ങൾ കൊണ്ടുവന്നു കൊടുത്തു. അദ്ദേഹം അത് കഴിച്ചു സംതൃപ്തനായി. ഉമ്മുസുലൈം അണിഞ്ഞൊരുങ്ങി. അവർ രാത്രി കഴിച്ചുകൂട്ടി. ഉമ്മു സുലൈം അദ്ദേഹത്തോട് ചോദിച്ചു: 'തങ്ങളുടെ വീട്ടുപകരണങ്ങൾ ബന്ധുക്കൾക്ക് കടം കൊടുത്തിട്ട് തിരിച്ചു ചോദിക്കുമ്പോൾ അതവർക്ക് തടഞ്ഞുവെക്കാൻ പാടുണ്ടോ?' ഇല്ലെന്ന് അദ്ദേഹം മറുപടി പറഞ്ഞു. അവർ പറഞ്ഞു: 'അങ്ങനെയാണെങ്കിൽ മകനിൽനിന്ന് നിങ്ങൾ പ്രതിഫലം മോഹിച്ചുകൊള്ളുക.' 'ഞാൻ ജനാബത്തുകാരനാകുന്നതുവരെ മിണ്ടാതിരുന്നിട്ട് ഇപ്പോഴാണോ മരണവാർത്ത അറിയിക്കുന്നത്?' അദ്ദേഹത്തിന് സ്വാഭാവികമായ ദേഷ്യം വന്നു. താമസിയാതെ പ്രവാചകന്റെ അടുത്തു ചെന്ന് കാര്യങ്ങളെല്ലാം വിശദീകരിച്ചു. നബി(സ്വ) അവർക്ക് അനുഗ്രഹത്തിനായി പ്രാർഥിച്ചു.

**ക്ഷമാശീലർക്ക് സന്തോഷവാർത്ത അറിയിക്കുവാനാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്കുതന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും"**

ആദർശ പ്രബോധന രംഗത്തും ക്ഷമ അനിവാര്യമാണ്. നന്മ കൽപിക്കൽ മുസ്‌ലിമിന്റെ ബാധ്യതയാണെന്ന് പഠിപ്പിക്കുന്നതിന്റെ കൂടെ ക്ഷമയെക്കുറിച്ച് പറയുന്ന സൂക്തങ്ങളും ക്വുർആനിൽ കാണാം.

"കാലം തന്നെയാണ് സത്യം. തീർച്ചയായും മനുഷ്യർ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും സത്യം കൈക്കൊള്ളാൻ പരസ്പരം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളുവാൻ പരസ്പരം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103:14).

"എന്റെ കുഞ്ഞുമകനേ, നീ നിസ്‌കാരം മുറപോലെ നിർവഹിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നിനക്ക് ബാധിച്ച വിഷയങ്ങളിൽ ക്ഷമിക്കുകയും ചെയ്യുക. തീർച്ചയായും ഖണ്ഡിതമായി നിർദേശിക്കപ്പെട്ട കാര്യങ്ങളിൽ പെട്ടതത്രെ അത്" (31:17).

സഹനത്തിന്റെ ഉന്നത തലങ്ങളിൽ എത്തിയവർക്ക് ശത്രുക്കളെ പോലും മിത്രങ്ങളാക്കുവാൻ കഴിയുമെന്നാണ് ക്വുർആനിന്റെ അധ്യാപനം:

"നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു" (41:34).

ക്ഷമയോടുകൂടിയുള്ള പെരുമാറ്റം നിമിത്തം ശത്രുവായി വന്നയാൾ മിത്രമായി തിരിച്ചുപോകുന്ന കാഴ്ച ഇസ്‌ലാമിക ചരിത്രത്തിൽ ഒരുപാട് നമുക്ക് കാണുവാൻ കഴിയും. സത്യമതത്തിന്റെ ദൗത്യവാഹകനായി റസൂൽ(സ്വ) മിസ്അബി(റ)നെ മദീനയിലേക്ക് പറഞ്ഞയക്കുന്നു. ചരിത്രപ്രസിദ്ധമായ ഉടമ്പടിയിൽ നബി(സ്വ)യുമായി കരാർ ചെയ്ത സത്യവിശ്വാസികളായ അൻസ്വാരികൾക്ക് ഇസ്‌ലാമിന്റെ ആദ്യപാഠങ്ങൾ പഠിപ്പിച്ചുകൊടുത്തു. വ്യത്യസ്ത ഗോത്രങ്ങളിലൂടെ കയറിയിറങ്ങി. ദൗത്യവുമായി മുന്നോട്ടുപോയി. ഒരു ദിവസം ബനൂ അബ്ദിൽ അശ്ഹൽ ഗോത്രക്കാരിൽ പ്രബോധനം നടത്തിക്കൊണ്ടിരിക്കെ കോപത്തോടുകൂടി അവരുടെ ഗോത്ര നേതാവ് ഊരിപ്പിടിച്ച വാളുമായി പാഞ്ഞടുത്തു. പരമ്പരാഗതമായി കൊണ്ടുനടക്കുന്ന ബഹുദൈവ വിശ്വാസത്തെ നിരാകരിക്കുന്ന പുതിയ മതക്കാരെ വെറുതെ വിടുവാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. അയാൾ പറഞ്ഞു: "നിങ്ങൾക്ക് എന്താണ് ഇവിടെ കാര്യം; ഈ പാവങ്ങളെ വഴിതെറ്റിക്കാൻ? ജീവനിൽ കൊതിയുണ്ടെങ്കിൽ ഇവിടെനിന്ന് പോകുന്നതാണ് നല്ലത്." അവിടെയുണ്ടായിരുന്നവർ ഭയന്നുവിറച്ചു. എന്ത് സംഭവിക്കും എന്നറിയില്ല. മിസ്അബ്(റ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "സഹോദരാ, കുറച്ചൊന്നു ശ്രദ്ധിച്ചാലും. ഞങ്ങൾ പറയുന്ന കാര്യം നിങ്ങളൊന്നു കേൾക്കൂ. നിങ്ങൾക്ക് സ്വീകാര്യമല്ലെങ്കിൽ ഞങ്ങൾ ഉടനെ സ്ഥലം വിടാം." അതോടെ അയാളുടെ കോപം തണുത്തു. ബുദ്ധിമാനായ ആ ഗോത്രത്തലവൻ ആയുധം താഴെ വെച്ച് ശ്രദ്ധിച്ച് ഇരുന്നു. ക്വുർആൻ വചനങ്ങൾ ഓതി മിസ്അബ്(റ) വിശദീകരിച്ചു. അത് ദൈവവചനങ്ങൾ തന്നെയാണെന്ന് മനസ്സിലായി അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു. ക്ഷമാപൂർവമായ പെരുമാറ്റം മുഖേന ശത്രുഭവായി വന്നയാൾ മിത്രമായി തിരിച്ചു പോകുന്ന കാഴ്ചയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

ക്ഷമാശീലർക്ക് സന്തോഷവാർത്ത അറിയിക്കുവാനാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്: "കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്കുതന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും" (2:155-156).

അല്ലാഹു ക്ഷമാശീലരെ സ്നേഹിക്കുന്നതാണ്: "എത്രയെത്ര പ്രവാചകൻമാരോടൊപ്പം അനേകം ദൈവദാസൻമാർ യുദ്ധം ചെയ്തിട്ടുണ്ട്. എന്നിട്ട് അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങൾക്ക് നേരിട്ട യാതൊന്നുകൊണ്ടും അവർ തളർന്നില്ല. അവർ ദൗർബല്യം കാണിക്കുകയോ ഒതുങ്ങിക്കൊടുക്കുകയോ ചെയ്തില്ല. അത്തരം ക്ഷമാശീലരെ അല്ലാഹു സ്നേഹിക്കുന്നു. അവർ പറഞ്ഞിരുന്നത് ഇപ്രകാരം മാത്രമായിരുന്നു: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ പാപങ്ങളും ഞങ്ങളുടെ കാര്യങ്ങളിൽ വന്നുപോയ അതിക്രമങ്ങളും ഞങ്ങൾക്ക് നീ പൊറുത്തുതരേണമേ. ഞങ്ങളുടെ കാലടികൾ നീ ഉറപ്പിച്ചു നിർത്തുകയും സത്യനിഷേധികളായ ജനതക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ" (3:146,147).

ക്ഷമക്ക് വേണ്ടിയുള്ള പ്രാർഥനയും വിശുദ്ധ ക്വുർആനിലൂടെ അല്ലാഹു നമ്മെ പഠിപ്പിച്ചിട്ടുണ്ട്: "ഞങ്ങളുടെ നാഥാ, ഞങ്ങളുടെമേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങളെ നീ ഉറപ്പിച്ചു നിർത്തുകയും സത്യനിഷേധികളായ ജനങ്ങൾക്കെതിരെ ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമേ" (2:250).

ജീവിതത്തിൽ വലിയ പരീക്ഷണമായ സന്താനങ്ങൾ മാതാപിതാക്കൾ ജീവിച്ചിരിക്കുന്ന കാലഘട്ടത്തിൽ മരിച്ചാൽ അവർ അല്ലാഹുവിനെ സ്തുതിക്കുകയും ക്ഷമയോടുകൂടി നിലകൊള്ളുകയുമാണെങ്കിൽ വമ്പിച്ച പ്രതിഫലം പരലോകത്ത് ലഭിക്കുമെന്ന് നബി(സ്വ) പഠിപ്പിച്ചത് ഇതുമായി നാം ചേർത്തു വായിക്കേണ്ടതാണ്.

നബി(സ്വ) പറയുന്നു: "ഒരാളുടെ കുട്ടി മരിച്ചാൽ അല്ലാഹു മലക്കുകളോട് ചോദിക്കും: 'നിങ്ങൾ എന്റെ അടിമയുടെ കരളിന്റെ കഷ്ണമായ കുട്ടിയുടെ ആത്മാവ് പിടിച്ചിരിക്കുകയാണല്ലോ. എന്റെ അടിമ എന്ത് പറയുന്നു?' അവർ പറയും: 'അയാൾ നിനക്ക് 'ഹംദ്' (സ്തുതി) പറഞ്ഞു; ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊനെന്നും.' അപ്പോൾ അല്ലാഹു പറയും: 'നിങ്ങൾ എന്റെ അടിമക്ക് സ്വർഗത്തിൽ ഒരു വീട് പണിയണം, അതിന് ബൈത്തുൽ ഹംദ് എന്നു പേരിടണം" (തുർമുദി).

ചുരുക്കിപ്പറഞ്ഞാൽ, ക്ഷമ എന്നത് ബലഹീനതയല്ല; ഒരു വ്യക്തിയുടെ ഏറ്റവും വലിയ ആന്തരിക ശക്തിയാണ്. പ്രതിസന്ധികളിൽ തളരാതെ, പ്രതികൂല സാഹചര്യങ്ങളെ ക്ഷമയോടെ നേരിടുന്നവനാണ് യഥാർഥ ജേതാവ്. ശാന്തവും സമാധാനപരവുമായ ഒരു സമൂഹസൃഷ്ടിക്കും വ്യക്തിപരമായ ഉന്നതിക്കും നമ്മളിൽ ഓരോരുത്തരിലും ക്ഷമ എന്ന ഗുണം ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. സർവോപരി ഒരു മുസ്‌ലിമിന്റെ ഉദാത്തമായ ഗുണമാണത്. ■





വൈദ്യശാസ്ത്രം: മുസ്‌ലിംകളുടെ സംഭാവനകൾ 13

# ഇബ്നു കഹാൽ:

## നേത്ര വൈദ്യത്തിലെ നിപുണൻ

ഡോ. ടി. കെ. യൂസുഫ്
: 9349798262

വൈദ്യശാസ്ത്രത്തിൽ നേത്രപരിചരണ വിജ്ഞാനരംഗത്ത് 'ഇബ്നു കഹാൽ' എന്ന പേരിലറിയപ്പെടുന്ന 'അലിയ്യ് ബിൻ ഈസാ അൽബഗ്ദാദി' രചിച്ച 'തദ്കിറത്തുൽ കുഹ്ഹാലീൻ' എന്ന ഗ്രന്ഥത്തിന് തുല്യമായ മറ്റൊരു ഗ്രന്ഥം അദ്ദേഹത്തിന്റെ മരണത്തിന് ഏഴ് നൂറ്റാണ്ടുകൾക്ക് ശേഷമാണ് രചിക്കപ്പെട്ടതെന്നാണ് ജർമൻ ഓറിയന്റലിസ്റ്റായ 'ഹിറസ്ബർഗ്' (Hirschberg) പറയുന്നത്. നാലാം നൂറ്റാണ്ടിലെ പ്രസിദ്ധ ഭിഷഗ്വരനായ അദ്ദേഹം യൂറോപ്പിൽ അറിയപ്പെടുന്നത് അദ്ദേഹത്തിന്റെ പേരിന്റെ ലാറ്റിൻ വിവർത്തനമായ 'ജെസു ഒക്കുലിസ്റ്റ്' (നേത്രരോഗവിദഗ്ധൻ) എന്ന പേരിലാണ്.

ചെറുപ്പം മുതൽതന്നെ അദ്ദേഹം നേത്രവൈദ്യത്തിൽ തൽപരനായിരുന്നു. അക്കാലഘട്ടത്തിൽ ഈ വിഷയത്തിൽ എഴുതപ്പെട്ട മുഴുവൻ ഗ്രന്ഥങ്ങളും അദ്ദേഹം പഠനവിധേയമാക്കി.

അദ്ദേഹം രചിച്ച 'തദ്കിറത്തുൽ കുഹ്ഹാലീൻ'(memorandum of occultists) എന്ന ഗ്രന്ഥം നേത്രവൈദ്യത്തിൽ അതുല്യമായ ഒരു അവലംബമാണ്. ഈ രചനയിൽ പ്രധാനമായും നാല് ലേഖനങ്ങളാണുള്ളത്. ഒന്ന് കണ്ണിന്റെ ഘടന, അതിലെ സിരകൾ, മസിലുകൾ, കണ്ണുനീർ, കാഴ്ച എന്നീ കാര്യങ്ങളെക്കുറിച്ചുള്ളതാണ്. രണ്ടാമത്തെതിൽ കണ്ണിന്റെ ഓരോ ഭാഗത്തും ബാധിക്കുന്ന രോഗങ്ങളും മൂന്നാമത്തെതിൽ ഹ്രസ്വദൃഷ്ടി, ദീർഘദൃഷ്ടി, നിശാന്ധത തുടങ്ങിയ കാര്യങ്ങളുമാണ് വിശദീകരിക്കുന്നത്. നാലാമത്തെതിൽ കണ്ണിന്റെ കാഴ്ചശക്തി നിലനിർത്താനും സംരക്ഷിക്കാനുമുള്ള വഴികളും വൈദ്യവിധികളുമാണ് വിവരിക്കുന്നത്. ഈ ഗ്രന്ഥത്തോട് കിടപിടിക്കാൻ പോന്ന ഒരു രചന പതിനെട്ടാം നൂറ്റാണ്ടുവരെ ലോകത്ത് രചിക്കപ്പെട്ടിട്ടില്ല. ഒട്ടേറെ ഭാഷകളിലേക്ക് ഈ കൃതി വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ലാറ്റിൻ ഭാഷയിലേക്കാണ് ആദ്യമായി ഭാഷാന്തരം ചെയ്തത്. ശംസുദ്ദീൻ ബിൻ അലി ജുർജാനി പേർഷ്യൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തത് ഹൈദരാബാദിലെ സാലാർജങ്ക് ലൈബ്രറിയിൽ സൂക്ഷിക്കപ്പെടുന്നുണ്ട്. തുർക്കി, ജർമൻ പരിഭാഷകളും പ്രസിദ്ധമാണ്, ഇംഗ്ലീഷ് പരിഭാഷയിൽ 'ട്രാക്കോമ' എന്ന ഒരു അധ്യായം കൂടി ചേർക്കപ്പെട്ടിട്ടുണ്ട്.

**അമ്മാർ മൂസ്‌ലി**

'അബുൽ ഖാസിം അമ്മാർ ബിൻ അലി അൽമൂസ്‌ലി' എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. 'മൂസിൽ' പട്ടണത്തിൽ ജനിച്ചതുകൊണ്ടാണ് 'അൽമൂസ്‌ലി' എന്ന സ്ഥാനപ്പേര് ലഭിച്ചത്. കൈറോയിലെ ഫാത്വിമി ഖലീഫയായിരുന്ന 'ഹാകിം ബി അംരില്ല'യുടെ കാലത്താണ് അദ്ദേഹം നവീനമായ കണ്ടെത്തെലിലൂടെ നേത്രചികിത്സയിൽ പ്രസിദ്ധനായത്. പ്രസ്തുത ഖലീഫയുടെ നിർദേശപ്രകാരം അദ്ദേഹം രചിച്ച 'അൽമുൻതഖിബ് ഫീ ഇൽമിൽ ഐൻ' എന്ന ഗ്രന്ഥമാണ് അദ്ദേഹത്തിന് കൂടുതൽ പ്രസിദ്ധി നേടിക്കൊടുത്തത്.

ഇസ്‌ലാമിക നാടുകളിൽ പര്യടനം നടത്തി അവിടങ്ങളിലുണ്ടായിരുന്ന വൈദ്യപ്രതിഭകളുടെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം നേത്രവൈദ്യത്തിൽ പ്രാവീണ്യം നേടിയത്. മൂസിൽ, ഖുറാസാൻ, സിറിയ, ഫലസ്തീൻ, മക്ക, മദീന, ഈജിപ്ത് തുടങ്ങിയ നഗരങ്ങളിലെല്ലാം നേത്രചികിത്സ നടത്തിയിട്ടുണ്ട്. ഈജിപ്തിൽ വെച്ചാണ് അദ്ദേഹം കൂടുതൽ നേത്ര ശസ്ത്രക്രിയകൾ നടത്തിയത്. ആയിരം വർഷങ്ങൾക്ക് മുമ്പ് ഈ ലോകത്തോട് അദ്ദേഹം വിടപറഞ്ഞെങ്കിലും അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പതിനെട്ടാം നൂറ്റാണ്ടു വരെ യൂറോപ്യൻ സർവകലാശാലകളിൽ പഠിപ്പിക്കപ്പെട്ടിരുന്നു.

ഇരുപത്തൊന്ന് അധ്യായങ്ങളുള്ള 'അൽ മുൻതഖബ് ഫീ ഇൽമിൽ ഐൻ' എന്ന ഗ്രന്ഥത്തിൽ അമ്പതോളം നേത്രരോഗങ്ങളെക്കുറിച്ചും ഔഷധങ്ങളിലൂടെയും ഓപ്പറേഷനിലൂടെയുമുള്ള അവയുടെ പരിഹാര മാർഗങ്ങളെക്കുറിച്ചും പറയുന്നുണ്ട്. അദ്ദേഹത്തിനു മുമ്പ് ലോകത്ത് ഒരാൾക്കും കണ്ടെത്താൻ കഴിയാത്ത ധാരാളം വസ്തുതകൾ ഈ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ട്. 'കാറ്ററാക്ട്' എന്ന രോഗം മൂർഛിക്കുന്നതിന് മുമ്പുതന്നെ അത് നിർമാർജനം ചെയ്യാനുള്ള മാർഗം അദ്ദേഹം നിർദേശിക്കുന്നുണ്ട്. 'ഡേവിഡ് ഹെർമാനുസ്'ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്ത ഈ വിഖ്യാതഗ്രന്ഥം എക്കാലത്തും നേത്രവൈദ്യ പഠനത്തിനുള്ള അവലംബമാണ്.

(തുടരും)

# ഭാവിയിലെ യുദ്ധങ്ങൾ വെള്ളത്തിനുവേണ്ടിയാകുമോ?




റൈഹാൻ ഷഹീദ്
: 8921259204

ഒരിക്കൽ ജലസമ്പന്നമായിരുന്ന പല പ്രദേശങ്ങളും ഇന്ന് ജലക്ഷാമം നേരിടുകയാണ്. ഭൂഗർഭജലത്തിന്റെ അമിത ചൂഷണം, നദികളുടെ മലിനീകരണം, മഴയുടെ കുറവ്, ജലസംരക്ഷണത്തിന്റെ അഭാവം എന്നിവ സ്ഥിതിഗതികൾ ഗുരുതരമാക്കുന്നു. ഇന്ത്യയിലെ ചില നഗരങ്ങൾ 'ഡേ സീറോ' ഭീഷണി നേരിട്ടിട്ടുണ്ട്. അതായത് കുടിവെള്ളം തീരുന്ന അവസ്ഥ. ചെന്നൈ ഉൾപ്പെടെയുള്ള നഗരങ്ങൾ ഇതിനകം കടുത്ത ജലക്ഷാമം അനുഭവിച്ചിട്ടുണ്ട്.

കേരളം പോലുള്ള മഴ സമൃദ്ധമായ സംസ്ഥാനത്തുപോലും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് ആശങ്കാജനകമാണ്. മഴ ലഭിച്ചിട്ടും വെള്ളം സംഭരിക്കാത്തതും പ്രകൃതിദത്ത ജലസ്രോതസ്സുകൾ നശിപ്പിക്കുന്നതും പ്രശ്നം രൂക്ഷമാക്കുന്നു. അടുത്ത ലോകമഹായുദ്ധം വെള്ളത്തിനു വേണ്ടിയായിരിക്കുമെന്ന, മുൻ ഈജിപ്ഷ്യൻ വിദേശകാര്യ മന്ത്രിയും ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറലുമായ ബൂട്രോസ് ബൂട്രോസ്-ഗാലിയുടെ നിരീക്ഷണം ഏറെ പ്രസക്തമാണ്.

**പശ്ചിമഘട്ടവും ഗാഡ്ഗിൽ റിപ്പോർട്ടും**

പരിസ്ഥിതി ചർച്ചകളിൽ കേരളവുമായി ബന്ധപ്പെട്ട് ഏറെ പ്രാധാന്യമുള്ള വിഷയമാണ് പശ്ചിമഘട്ടവും ഗാഡ്ഗിൽ റിപ്പോർട്ടും. പശ്ചിമഘട്ടം

ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജൈവവൈവിധ്യ മേഖലകളിലൊന്നാണ്. കേരളത്തിന്റെ കാലാവസ്ഥ, മഴ, നദികൾ, കാർഷിക മേഖല എന്നിവയെല്ലാം പശ്ചിമഘട്ടവുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു.

പരിസ്ഥിതി ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിലുള്ള സമിതി പശ്ചിമഘട്ട സംരക്ഷണത്തിനായി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. വനനശീകരണം, ഖനനം, അനിയന്ത്രിത നിർമാണങ്ങൾ, പരിസ്ഥിതിക്ക് ഹാനികരമായ വികസന പ്രവർത്തനങ്ങൾ എന്നിവ നിയന്ത്രിക്കണമെന്നായിരുന്നു റിപ്പോർട്ടിന്റെ പ്രധാന നിർദേശങ്ങൾ. എന്നാൽ ഈ റിപ്പോർട്ട് വലിയ രാഷ്ട്രീയ-സാമൂഹിക വിവാദങ്ങൾക്കും കാരണമായി. ചിലർ അത് പരിസ്ഥിതി സംരക്ഷണത്തിനാവശ്യമായ മുന്നറിയിപ്പായി കണ്ടപ്പോൾ, മറ്റുചിലർ ജനങ്ങളുടെ ജീവിതത്തെയും വികസനത്തെയും ബാധിക്കുമെന്ന ആശങ്ക പ്രകടിപ്പിച്ചു.

എങ്കിലും പിന്നീട് കേരളത്തിലുണ്ടായ പ്രളയങ്ങളും മണ്ണിടിച്ചിലുകളും ഗാഡ്ഗിൽ റിപ്പോർട്ടിലെ മുന്നറിയിപ്പുകളിലേക്ക് വീണ്ടും ശ്രദ്ധതിരിച്ചു. പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾ മനുഷ്യൻ തന്നെ അനുഭവിക്കേണ്ടിവരുമെന്ന സത്യം കേരളം നേരിട്ട് കണ്ടു.

**വികസനവും പരിസ്ഥിതിയും: ഏറ്റുമുട്ടലോ സമതുലിതത്വമോ?**

പരിസ്ഥിതി ചർച്ചകളിൽ പതിവായി ഉയരുന്ന ചോദ്യമാണ് 'വികസനമോ പരിസ്ഥിതിയോ'എന്നത്. എന്നാൽ യഥാർഥ ചോദ്യം 'എന്തുതരം വികസനം' എന്നതാണ്. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനം ദീർഘകാലത്ത് മനുഷ്യനെത്തന്നെ തകർക്കും. അതേസമയം പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിര വികസനമാണ് മനുഷ്യരാശിക്ക് ആവശ്യം.

ശുദ്ധ ഊർജം, പൊതുഗതാഗതം, മഴവെള്ള സംഭരണം, ജൈവകൃഷി, പുനരുപയോഗം, പരിസ്ഥിതി സൗഹൃദ നഗരാസൂത്രണം തുടങ്ങിയ വഴികളിലൂടെ വികസനവും പരിസ്ഥിതി സംരക്ഷണവും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ കഴിയും.

**കൂട്ടായ ഉത്തരവാദിത്തം**

പരിസ്ഥിതി സംരക്ഷണം സർക്കാരുകളുടെ മാത്രം ബാധ്യതയല്ല. ഓരോ വ്യക്തിക്കും കുടുംബത്തിനും സ്ഥാപനങ്ങൾക്കും സമൂഹങ്ങൾക്കും ഉത്തരവാദിത്തമുണ്ട്.

- വെള്ളം പാഴാക്കാതിരിക്കുക.
- പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക.
- വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.
- മാലിന്യങ്ങൾ ശരിയായി സംസ്കരിക്കുക.
- പൊതുസ്ഥലങ്ങൾ ശുചിയായി സൂക്ഷിക്കുക.
- പ്രകൃതിയെ ബഹുമാനിക്കുന്ന ജീവിതശൈലി സ്വീകരിക്കുക.

ഇത്തരം ചെറിയ നടപടികൾ പോലും വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കും.

**പരിസ്ഥിതി ചർച്ചകളിൽ പതിവായി ഉയരുന്ന ചോദ്യമാണ് 'വികസനമോ പരിസ്ഥിതിയോ'എന്നത്. എന്നാൽ യഥാർഥ ചോദ്യം 'എന്തുതരം വികസനം' എന്നതാണ്. പ്രകൃതിയെ നശിപ്പിച്ചുകൊണ്ടുള്ള വികസനം ദീർഘകാലത്ത് മനുഷ്യനെത്തന്നെ തകർക്കും. അതേസമയം പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുള്ള സുസ്ഥിര വികസനമാണ് മനുഷ്യരാശിക്ക് ആവശ്യം.**

**മനുഷ്യരാശിയുടെ നല്ല ഭാവിക്ക്**

മനുഷ്യൻ ഇന്ന് ചരിത്രത്തിലെ നിർണായകമായ ഒരു വഴിത്തിരിവിലാണ്. പ്രകൃതിയെ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകണോ അതോ അതിനെ നശിപ്പിച്ചുകൊണ്ട് സ്വന്തം ഭാവി അപകടത്തിലാക്കണോ എന്ന ചോദ്യമാണ് മനുഷ്യരാശിക്ക് മുന്നിലുള്ളത്.

പരിസ്ഥിതി പ്രതിസന്ധി ശാസ്ത്രീയമോ രാഷ്ട്രീയമോ ആയ വിഷയം മാത്രമല്ല; അത് ധാർമികവും ആത്മീയവും മാനവികവുമായ ഒരു ചോദ്യമാണ്. ഭൂമിയെ എങ്ങനെ കൈകാര്യം ചെയ്യുന്നു എന്നത് മനുഷ്യന്റെ മൂല്യങ്ങളെ വ്യക്തമാക്കുന്നു.

നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ഉത്തരവാദിത്തങ്ങളിലൊന്നാണ് ഭൂമിയെ അടുത്ത തലമുറയ്ക്ക് ജീവിക്കാൻ അനുയോജ്യമായ നിലയിൽ കൈമാറുക എന്നത്. കാരണം പരിസ്ഥിതിയെ സംരക്ഷിക്കുന്നത് ഒടുവിൽ മനുഷ്യരാശിയുടെ ഭാവിയെ സംരക്ഷിക്കലാണ്.■

# സൂറ: അശ്ശുഅറാഅ്

കവികൾ

(മക്കയിൽ അവതരിച്ചത്)

അധ്യായം 26

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

فَجُمِعَ السَّحَرَةُ لِمِيقَاتِ يَوْمٍ مَّعْلُومٍ ﴿٣٨﴾

38 അങ്ങനെ അറിയപ്പെട്ട ഒരു ദിവസം നിശ്ചിതമായ ഒരു സമയത്ത് ജാലവിദ്യക്കാർ ഒരുമിച്ചുകൂട്ടപ്പെട്ടു.

*(അങ്ങനെ അറിയപ്പെട്ട ഒരു ദിവസം നിശ്ചിതമായ ഒരു സമയത്ത് ജാലവിദ്യക്കാർ ഒരുമിച്ചുകൂട്ടപ്പെട്ടു) അങ്ങനെ അവർ മൂസാ നബിയെയും കൂട്ടി ഒരു നിശ്ചിതദിവസം നിശ്ചിതസമയത്ത് മാന്ത്രികന്മാർ ഒത്തുകൂടി. ആളുകൾക്ക് ജോലി ഒഴിവുള്ള ഒരു ദിവസമായിരുന്നു അത്.*

وَقِيلَ لِلنَّاسِ هَلْ أَنتُم مُّجْتَمِعُونَ ﴿٣٩﴾

39 ജനങ്ങളോട് ചോദിക്കപ്പെട്ടു: 'നിങ്ങൾ സമ്മേളിക്കുന്നുണ്ടല്ലോ?'

*(ജനങ്ങളോട് ചോദിക്കപ്പെട്ടു:) (നിങ്ങൾ സമ്മേളിക്കുന്നുണ്ടല്ലോ) ആ നിശ്ചിത ദിവസം ഒരുമിച്ചുകൂടാൻ എല്ലാവരോടും പറഞ്ഞു.*

لَعَلَّنَا نَتَّبِعُ السَّحَرَةَ إِن كَانُوا هُمُ الْغَالِبِينَ ﴿٤٠﴾

40 'ജാലവിദ്യക്കാരാണ് വിജയികളാകുന്നതെങ്കിൽ നമുക്കവരെ പിന്തുടരാമല്ലോ!'

*(ജാലവിദ്യക്കാരാണ് ജയിക്കുന്നതെങ്കിൽ നമുക്ക് അവരെ പിന്തുടരാമല്ലോ) അതായത് അവർ ജനങ്ങളോട് പറഞ്ഞു: 'മന്ത്രവാദികൾ മൂസായെ പരാജയപ്പെടുത്തുന്നത് കാണാൻ ഒത്തുകൂടുക. കാരണം അവർ അവരുടെ കരകൗശലത്തിൽ വൈദഗ്ധ്യമുള്ളവരാണ്. അപ്പോൾ ഞങ്ങൾ അവരെ പിന്തുടരുകയും ബഹുമാനിക്കുകയും ചെയ്യും. ജാലവിദ്യയുടെ മഹത്ത്വം ഞങ്ങൾ മനസ്സിലാക്കും.' സത്യത്തോട് അവർക്ക് പ്രതിബദ്ധതയുണ്ടായിരുന്നുവെങ്കിൽ അവർ പറയുക 'അവരിൽ സത്യത്തിന്റെ ആളുകളെ ഞങ്ങൾ പിന്തുടരും' എന്നാകുമായിരുന്നു. അല്ലെങ്കിൽ 'സത്യം നിങ്ങൾ മനസ്സിലാക്കും' എന്ന്. അതുകൊണ്ടുതന്നെ അവർക്ക് ഒരു പ്രയോജനവും ഉണ്ടായില്ല. അവർക്കെതിരെ ഒരു തെളിവുണ്ടായെന്ന് മാത്രം*

فَلَمَّا جَاءَ السَّحَرَةُ قَالُوا لِفِرْعَوْنَ أَئِنَّ لَنَا لَأَجْرًا إِن كُنَّا نَحْنُ الْغَالِبِينَ ﴿٤١﴾

41 അങ്ങനെ ജാലവിദ്യക്കാർ വന്നെത്തിയപ്പോൾ ഫിർഔനോട് അവർ ചോദിച്ചു: 'ഞങ്ങളാണ് വിജയികളാകുന്നതെങ്കിൽ തീർച്ചയായും ഞങ്ങൾക്ക് പ്രതിഫലമുണ്ടായിരിക്കുമോ?'

*(അങ്ങനെ ജാലവിദ്യക്കാർ വന്നെത്തിയപ്പോൾ) അതായത് അവർ ഫിർഔനിന്റെ അടുത്ത് എത്തി. എന്നിട്ടവർ അവനോട് ചോദിച്ചു: (ഞങ്ങളാണ് വിജയിക്കുന്നതെങ്കിൽ തീർച്ചയായും ഞങ്ങൾക്ക് പ്രതിഫലം ഉണ്ടായിരിക്കുമോ?) അതായത് മൂസയെ പരാജയപ്പെടുത്തുന്നുവെങ്കിൽ.*

قَالَ نَعَمْ وَإِنَّكُمْ إِذًا لَّمِنَ الْمُقَرَّبِينَ ﴿٤٢﴾

42 അവൻ (ഫിർഔൻ) പറഞ്ഞു: 'അതെ, തീർച്ചയായും നിങ്ങൾ സാമീപ്യം നൽകപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും.'

*(അവൻ - ഫിർഔൻ - പറഞ്ഞു:) (അതെ) നിങ്ങൾക്ക് പ്രതിഫലമുണ്ട്. (തീർച്ചയായും നിങ്ങൾ സാമീപ്യം നൽകപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും) എന്റെയടുക്കൽ. ആ സന്ദേശത്തെ എതിർക്കുന്നതിൽ തങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യാൻ അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി അവർക്ക് പ്രതിഫലവും തന്നോട് സ്നേഹവും അവൻ വാഗ്ദാനം ചെയ്തു. അങ്ങനെ നിശ്ചിതസമയത്ത് അവർ കണ്ടുമുട്ടി. അതായത് മൂസാ നബിയും അവരും ഈജിപ്തിലെ ജനങ്ങളും. അപ്പോൾ മൂസാ നബി(അ) അവരെ ഉപദേശിച്ചു; ബോധിപ്പിക്കുകയും ചെയ്തു:*

قَالَ لَهُم مُّوسَىٰ وَيْلَكُمْ لَا تَفْتَرُوا عَلَى اللَّهِ كَذِبًا فَيُسْحِتَكُم بِعَذَابٍ ۖ وَقَدْ خَابَ مَنِ افْتَرَىٰ

*"നിങ്ങൾക്ക് നാശം! നിങ്ങൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കരുത്. ഏതെങ്കിലും ഒരു ശിക്ഷ മുഖേന അവൻ നിങ്ങളെ ഉൻമൂലനം ചെയ്തേക്കും. കള്ളം കെട്ടിച്ചമച്ചവനാരോ അവൻ തീർച്ചയായും പരാജയപ്പെട്ടിരിക്കുന്നു" (20:61).*

*അവർ തർക്കിക്കുകയും വാഗ്വാദം നടത്തുകയും ചെയ്തു. ഫിർഔൻ അവരെ പ്രോത്സാഹിപ്പിച്ചു. അവരും പരസ്പരം പ്രോത്സാഹിപ്പിച്ചു. (മൂസാ അവരോട് പറഞ്ഞു: നിങ്ങൾക്ക് ഇടാനുള്ളതെല്ലാം നിങ്ങൾ ഇട്ടുകൊള്ളുക) നിങ്ങൾ ഇടണമെന്ന് നിങ്ങൾക്ക് തോന്നുന്നതെന്തും നിങ്ങൾ എറിയുക. സത്യത്തെ എതിർക്കാൻ അവർ കൊണ്ടുവരുന്നതെല്ലാം പരാജയപ്പെടുമെന്ന് അദ്ദേഹത്തിന് ഉറപ്പുള്ളതിനാൽ അദ്ദേഹം നിബന്ധനകളൊന്നും നിശ്ചയിച്ചില്ല. അപ്പോൾ തങ്ങളുടെ വടികളും കയറുകളും അവരിട്ടു. അപ്പോഴതാ, അവ ഇഴയുന്ന പാമ്പുകളായി മാറി. അതുമൂലം അവർ ആളുകളുടെ കണ്ണുകളെ വശീകരിച്ചതായിരുന്നു. (അവർ പറയുകയും ചെയ്തു: ഫിർഔനിന്റെ പ്രതാപം തന്നെയാണ് സത്യം! തീർച്ചയായും ഞങ്ങൾ തന്നെയായിരിക്കും വിജയികൾ) ഒരു മേഖലയിലും കഴിവില്ലാത്ത ഒരു ദുർബലനായ അടിമയുടെ ശക്തിയാൽ അവർ സഹായം തേടി. അവൻ അഹങ്കാരം കാണിച്ചതാണ്. സൈന്യങ്ങളുള്ള ഒരു രാജാവ് മാത്രമാണവർ. ആ പ്രൗഢികൾ അവരെ വഞ്ചിച്ചു. കാര്യത്തിന്റെ യാഥാർഥ്യം കാണാൻ അവർക്കായില്ല. അല്ലെങ്കിൽ തങ്ങൾ ഫിർഔനിന്റെ ശക്തികൊണ്ട് ജയിക്കുമെന്ന് അവർ സത്യം ചെയ്യുകയായിരിക്കാം. (അനന്തരം മൂസാ തന്റെ വടി താഴെയിട്ടു. അപ്പോഴതാ അത് അവർ വ്യാജമായി നിർമിച്ചതിനെയെല്ലാം വിഴുങ്ങിക്കളയുന്നു) അപ്പോൾ അവർ കയറുകൊണ്ടും വടികൊണ്ടും ഉണ്ടാക്കിവിട്ടത് വിഴുങ്ങിക്കളഞ്ഞു. കാരണം അത് കെട്ടിച്ചമച്ചതും വ്യാജവുമായിരുന്നു. അതെല്ലാം വ്യാജമാണ്. സത്യത്തിന് എതിരായി നിൽക്കാനോ അതിനെ എതിരിടാനോ അതിനാവില്ല.*



# വഴിയിലെ മര്യാദകൾ: ഇസ്‌ലാമിന്റെ ഉന്നത പാഠങ്ങൾ

സമീർ മുണ്ടേരി
:+91 8594044600

ഇസ്‌ലാം കേവലം ആരാധനാകർമങ്ങൾ മാത്രമല്ല, മറിച്ച് ഉന്നതമായ സംസ്‌കാരവും മര്യാദകളും (അദബ്) കൂടി ഉൾക്കൊള്ളുന്ന ജീവിതദർശനമാണ്. അറിവ് നേടുന്നതിനു മുമ്പ് മര്യാദ പഠിക്കാനാണ് മുൻഗാമികൾ നമ്മെ ഉപദേശിച്ചത്. ഉമർ(റ) പറഞ്ഞത് 'ആദ്യം മര്യാദകൾ പഠിക്കൂ, എന്നിട്ട് അറിവ് നേടൂ' എന്നാണ്. അറിവ് എത്രയുണ്ടായാലും അദബില്ലെങ്കിൽ ആ അറിവുകൊണ്ട് കാര്യമില്ലെന്ന് അബ്ദുല്ലാ ഹിബ്നുൽ മുബാറക്(റ) നമ്മെ ഓർമിപ്പിക്കുന്നു.

ഇസ്‌ലാം പഠിപ്പിച്ച മര്യാദകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് 'വഴികളോടുള്ള മര്യാദകൾ.' വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതുപോലെ തന്നെ പൊതുവഴികളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വഴികളിലൂടെ നടക്കുമ്പോഴും അവിടെ സമയം ചെലവഴിക്കുമ്പോഴും ശ്രദ്ധിക്കേണ്ട പ്രധാന മര്യാദകൾ താഴെ പറയുന്നവയാണ്:

**1. വഴികളിലെ ഇരിപ്പിടങ്ങൾ ഒഴിവാക്കുക**

കഴിയുന്നതും വഴിയോരങ്ങളിൽ വെറുതെ ഇരിക്കുന്നത് ഒഴിവാക്കാനാണ് പ്രവാചകൻ(സ്വ) നിർദേശിച്ചത്. ഒരിക്കൽ നബി(സ്വ) സ്വഹാബികളോട് പറഞ്ഞു: "വഴികളിലെ ഇരിപ്പിടങ്ങൾ നിങ്ങൾ ഒഴിവാക്കുക." അപ്പോൾ അവർ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾക്ക് സംസാരിച്ചിരിക്കുവാൻ അത്തരം സദസ്സുകൾ അനി

വാര്യമാണ്.'' നബി(സ്വ) മറുപടി പറഞ്ഞു: “ഇരിക്കാൻ നിങ്ങൾ നിർബന്ധിതരാണെങ്കിൽ വഴികൾക്ക് അതിന്റെ അവകാശം നിങ്ങൾ നൽകുക'' (ബുഖാരി, മുസ്‌ലിം).

**2. വഴിയുടെ അവകാശങ്ങൾ എന്തൊക്കെയാണ്?**

വഴിയോരങ്ങളിൽ ഇരിക്കുന്നവർ നിർബന്ധമായും പാലിക്കേണ്ട 'വഴിയുടെ അവകാശങ്ങൾ' പ്രവാ ചകൻ(സ്വ) വിശദീകരിച്ചു തന്നിട്ടുണ്ട്:

*സലാം മടക്കൽ:* വഴിയേ പോകുന്നവർ സലാം പറഞ്ഞാൽ അത് മടക്കുക എന്നത് വഴിയുടെ അവകാശമാണ്.

*ഉപദ്രവം തടയുക:* മറ്റുള്ളവർക്ക് ശാരീരികമായോ മാനസികമായോ പ്രയാസമുണ്ടാക്കുന്ന വാക്കുകളും പ്രവൃത്തികളും ഒഴിവാക്കുക.

*ദൃഷ്ടി താഴ്ത്തുക:* അന്യസ്ത്രീകളിലേക്കും ഹറാമായ കാഴ്ചകളിലേക്കും നോക്കാതെ കണ്ണിനെ നിയന്ത്രിക്കുക. 'സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാൻ നീ പറയുക' എന്ന ക്വുർആൻ വചനം (24: 30) വഴികളിലും ബാധകമാണ്.

*നന്മ കൽപിക്കലും തിന്മ വിരോധിക്കലും:* വഴിയോരങ്ങൾ പ്രബോധനത്തിനുള്ള വേദിയാക്കുക. നന്മയുടെ വഴികൾ ആളുകൾക്ക് കാണിച്ചുകൊടുക്കുക. 'സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നവന്, അത് പിൻപറ്റുന്നവരുടെ പ്രതിഫലം ലഭിക്കും' എന്ന് നബി (സ്വ) അരുളിയിട്ടുണ്ട്.

*നല്ലത് പറയൽ:* അനാവശ്യ സംസാരങ്ങൾ ഒഴിവാക്കി, നല്ല വാക്കുകൾ മാത്രം സംസാരിക്കുക. 'സംസാരം മരുന്നു പോലെയാണ്; കുറച്ചാൽ ഉപകരിക്കും, കൂടിയാൽ കൊല്ലും' എന്ന അംറുബ്നുൽ ആസി(റ)ന്റെ വാക്കുകൾ ഓർക്കുക.

**3. വഴികാണിച്ചുകൊടുക്കൽ**

വഴിതെറ്റി അലയുന്നവർക്ക് ശരിയായ വഴി കാണിച്ചുകൊടുക്കുന്നത് വലിയ പുണ്യമാണ്. വഴിതെറ്റിച്ചു പറയുന്നതും പരിഹസിക്കുന്നതും ഇസ്‌ലാമിക വിരുദ്ധമാണ്. വഴിതെറ്റിയവന് വഴി കാണിച്ചുകൊടുക്കുന്നത് സ്വദഖയാണെന്ന് ഹദീസുകളിൽ കാണാം.

**4. വഴിയിൽ കുഴപ്പമുണ്ടാക്കരുത്**

സമരങ്ങളുടെയും ഹർത്താലുകളുടെയും പേരിൽ വഴികൾ തടസ്സപ്പെടുത്തുന്നതും യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നതും ഇസ്‌ലാം വിലക്കുന്നു. 'ഭീഷണിപ്പെടുത്തിക്കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് വിശ്വാസികളെ തടഞ്ഞുകൊണ്ടും, അത് (മാർഗം) വക്രമായിരിക്കാൻ ആഗ്രഹിച്ചുകൊണ്ടും നിങ്ങൾ പാതകളിലെല്ലാം ഇരിക്കരുത്' എന്ന് ക്വുർആൻ (7:86) താക്കീത് ചെയ്യുന്നു.

**5. ഉപദ്രവം നീക്കൽ**

വഴിയിൽ നിന്ന് മുള്ളോ കല്ലോ പോലുള്ള ഉപദ്രവങ്ങൾ എടുത്തുമാറ്റുന്നത് നിസ്സാരമായി കാണരുത്. അത് ഈമാനിന്റെ ഭാഗമാണ്. നബി(സ്വ) പറഞ്ഞു: “ഈമാനിന് എഴുപതിലധികം ശാഖകളുണ്ട്. അതിൽ ഏറ്റവും ഉയർന്നത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വചനവും, ഏറ്റവും താഴെ വരുന്നത് വഴിയിലെ ഉപദ്രവങ്ങൾ നീക്കലുമാണ്'' (മുസ്‌ലിം).

വഴിയിൽ ജനങ്ങൾക്ക് ശല്യമായി നിന്ന ഒരു മരം മുറിച്ചുമാറ്റിയതിന്റെ പേരിൽ സ്വർഗത്തിൽ പ്രവേശിച്ച മനുഷ്യനെ നബി (സ്വ) കണ്ടതായി ഹദീസിലുണ്ട്. നരകത്തിൽനിന്ന് രക്ഷപ്പെടാനുള്ള വഴിയായും അവിടുന്ന് ഇതിനെ എണ്ണുന്നു.

**6. വഴിയിൽ മലമൂത്ര വിസർജനം പാടില്ല**

ജനങ്ങൾക്ക് വെറുപ്പുണ്ടാക്കുന്നതും ശാപം ലഭിക്കുന്നതുമായ കാര്യമാണ് പൊതുവഴികളിലെ മലമൂത്ര വിസർജനം. 'ശപിക്കപ്പെട്ട മൂന്ന് കാര്യങ്ങളെ നിങ്ങൾ സൂക്ഷിക്കുക; ജലാശയങ്ങൾക്ക് സമീപവും വഴികളിലും തണലിലും മലമൂത്ര വിസർജനം നടത്തുക എന്നത്' എന്ന് നബി (സ്വ) താക്കീത് ചെയ്തിട്ടുണ്ട്.

**7. സഹായം നൽകൽ**

ഭാരം ചുമക്കുന്നവരെ സഹായിക്കുന്നതും വാഹനത്തിൽ കയറാൻ പ്രയാസപ്പെടുന്നവരെ സഹായിക്കുന്നതും ധർമമാണ്. ബുദ്ധിമുട്ടുന്നവരെ സഹായിക്കുക എന്നത് വഴിയുടെ അവകാശമായി ഉമർ(റ) റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാം.

**8. വഴിയിൽ ഉറങ്ങരുത്**

യാത്രയ്ക്കിടയിൽ രാത്രി വിശ്രമിക്കുമ്പോൾ വഴിയിൽ കിടന്നുറങ്ങുന്നത് നബി(സ്വ) വിലക്കിയിട്ടുണ്ട്. രാത്രികാലങ്ങളിൽ ഇഴജന്തുക്കൾ സഞ്ചരിക്കുന്ന വഴിയാണത് എന്നതിനാലാണിത്.

ഇസ്‌ലാമിക മര്യാദകൾ പള്ളിയിലും വീട്ടിലും മാത്രമല്ല, അങ്ങാടിയിലും പൊതുവഴികളിലും പാലിക്കേണ്ടതാണ്. നമ്മുടെ സഞ്ചാരപാതകൾ ശുചിത്വമുള്ളതും സുരക്ഷിതവും പരസ്പര ബഹുമാനമുള്ള തുമായ ഇടങ്ങളായി മാറ്റാൻ വിശ്വാസികൾക്ക് സാധിക്കണം. ■

# ലൈംഗിക വിദ്യാഭ്യാസത്തിന്റെ പ്രസക്തി

ഡോ.യാസ്മിൻ എം അബ്ബാസ്, പട്ടാമ്പി

കുഞ്ഞുമക്കളുടെ ആദ്യ വിദ്യാലയം വീടാണെന്ന് നമ്മൾ പറയാറുണ്ടല്ലോ. ജീവിതത്തിന്റെ അടിസ്ഥാന പാഠങ്ങൾ പലതും വീട്ടിൽനിന്നാണ് കുട്ടികൾ മനസ്സിലാക്കുന്നത്. കാഴ്ചയിലൂടെയും കേൾവിയിലൂടെയും അനുഭവങ്ങളിലൂടെയും അതിനെല്ലാമപ്പുറം അവർക്ക് തോന്നുന്ന സംശയങ്ങൾ നമ്മളോട് ചോദിക്കുന്നതിലൂടെയുമൊക്കെയാണ് അവർ ഒരുപാട് കര്യങ്ങൾ പഠിക്കുന്നത്.

**മാതാപിതാക്കൾ തുറന്ന പുസ്തകങ്ങളാവുക**

കുട്ടികൾ അവരുടെ ചുറ്റുപാടുകൾക്കനുസരിച്ച് പലവിധ സംശയങ്ങളും നമ്മളോട് ചോദിക്കാറുണ്ട്. നമ്മൾ കൊടുക്കുന്ന മറുപടികളിലൂടെ അവർ അവരുടെ അറിവുകൾ വളർത്തിയെടുക്കുകയും ചെയ്യുന്നു. എന്നാൽ ലൈംഗിക വിഷയങ്ങൾ പരാമർശിക്കേണ്ടിവരുന്ന സംശയങ്ങൾ കുട്ടികൾ ചോദിക്കുമ്പോൾ രക്ഷിതാക്കൾ അതിനുനേരെ കണ്ണടക്കുകയാണ് പതിവ്.

പലപ്പോഴും തെറ്റായ ഉത്തരങ്ങൾ നൽകുകയോ ചോദ്യത്തിൽനിന്നും അവരെ പിന്തിരിപ്പിക്കുകയോ കളിയാക്കുകയോ ഒക്കെയാണ് പലരും ചെയ്യുക. മിക്ക കുട്ടികളിൽനിന്നും ഇത്തരത്തിൽ ഏറ്റവും ആദ്യമായി രക്ഷിതാക്കളോട് ഉന്നയിക്കുന്ന സംശയമാണ് 'ഞാൻ എങ്ങനെ ഉണ്ടായി' എന്നത്. ഉമ്മ ഹോസ്പിറ്റലിൽ പോയാൽ വീണ്ടുമൊരു കുട്ടിയെ കിട്ടുമോ എന്നും ചുറ്റുപാടും കാണുന്ന പൂച്ച, പട്ടി തുടങ്ങിയ ജീവജാലങ്ങളുടെ കുട്ടികൾ എങ്ങനെയാണ് വയറ്റിൽനിന്നും പുറത്ത് വരുന്നത് എന്നും കുട്ടികൾ ചോദിക്കാറുണ്ട്.

ഇത്തരം സംശയങ്ങൾ കുട്ടികളിൽ ഉണ്ടാകുന്നത് അവർ അതിനെക്കുറിച്ച് അറിയാൻ സമയമായി എന്നതാണ് സൂചിപ്പിക്കുന്നത്. അവരുടെ പ്രായത്തിനനുസരിച്ച് അവർക്ക് മനസ്സിലാകുന്ന ഭാഷയിൽ ഇത്തരം സംശയങ്ങൾ നമ്മൾ ദൂരീകരിച്ച് കൊടുക്കുകയാണെങ്കിൽ ശരിയായ അറിവോടെയും കാഴ്ചപ്പാടുകളോടെയും അവർ വളർന്നുവരും.

എന്നാൽ ഇത്തരം സന്ദർഭങ്ങളിൽ നമ്മൾ അവരിൽനിന്നും ഒളിച്ചോടുകയാണെങ്കിൽ കുട്ടികൾ അത് തിരിച്ചറിയുകയും പിന്നീട് അത്തരത്തിലുള്ള സംശയങ്ങളോ മാതാപിതാക്കളെ അനിവാര്യമായും അറിയിക്കേണ്ട സംശയങ്ങളോ അവരുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ അത് പ്രകടിപ്പിക്കാൻ അവർ മടിക്കും. അവർക്ക് നിർബന്ധമായും ഉത്തരം കിട്ടേണ്ട ചോദ്യം ചോദിക്കാതിരിക്കും. അത് ഒരുവേള ഗുരുതരമായ പ്രശ്നങ്ങളിലേക്ക് മക്കളെ നയിച്ചേക്കാം.

**അറിവില്ലായ്മയും തെറ്റായ അറിവുകളും ഒരുപോലെ വില്ലൻ**

മക്കൾക്ക് മാതാപിതാക്കളോട് തുറന്നു സംസാരിക്കാനുള്ള അവസരങ്ങൾ നഷ്ടമാവുമ്പോൾ പ്രധാനമായും രണ്ട് അപകടങ്ങളാണ് അവിടെ സംഭവിക്കുന്നത്.

ഒന്നാമതായി, അവർ വളരുന്നതിനനുസരിച്ച്

അവരിലെ സംശയങ്ങൾ വളർന്നുകൊണ്ടിരിക്കുകയും വീട്ടിൽനിന്നും ഉത്തരം കിട്ടാത്ത പല സംശയങ്ങളും അവരെ മറ്റുപല അന്വേഷണങ്ങളിലേക്കും എത്തിക്കുകയും ചെയ്യും. ഒരു പക്ഷേ, അതുവഴി അവർ തെറ്റായ പല കാര്യങ്ങളും മനസ്സിലാക്കാനും ഇടയുണ്ട്.

ആധുനിക കാലഘട്ടത്തിൽ അറിവുകൾ തേടാൻ ഒരുപാട് അവസരങ്ങൾ അവർക്കു മുന്നിലൂണ്ടെങ്കിലും അവയുടെ ആധികാരികത പരിശോധിക്കുവാനോ ശരിതെറ്റുകൾ മനസ്സിലാക്കുവാനോ അവർക്ക് കഴിഞ്ഞുകൊള്ളണമെന്നില്ല. അതുപോലെ തന്നെയാണ് കൂട്ടുകെട്ടുകളിലൂടെയുള്ള അറിവുകളുടെ കാര്യവും. ബാല്യത്തിൽനിന്ന് കൗമാരത്തിലേക്ക് കടക്കുന്നതോടുകൂടി കുട്ടികൾ പരസ്പരം ഇത്തരം വിഷയങ്ങളെ കുറിച്ച് സംസാരിക്കുകയും പലപ്പോഴും ഈ സംസാരങ്ങളിലൂടെ അവർ പല കാര്യങ്ങളും തെറ്റായി മനസ്സിലാക്കാൻ കാരണമാവുകയും ചെയ്യുന്നു.

**കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്നു**

ശരിയായ ലൈംഗിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം സംഭവിക്കുന്ന മറ്റൊരു അപകടകരമായ കാര്യമാണ് കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്നു എന്നത്. ലിംഗ-പ്രായഭേദമന്യെ ലൈംഗിക ചൂഷണങ്ങൾക്കിരയാക്കപ്പെടുന്ന ഒരു സാമൂഹികാന്തരീക്ഷത്തിലാണ് നമ്മൾ ഇന്ന് ജീവിക്കുന്നത്.

മറ്റൊരു വ്യക്തി തന്നോട് സംസാരിക്കുന്നതിലും പെരുമാറുന്നതിലും അസ്വാഭാവികമായ വല്ലതുമുണ്ടോ എന്ന് തിരിച്ചറിയാനുള്ള അറിവും അത്തരത്തിൽ വല്ലതും കുട്ടികൾ നേരിട്ടു കഴിഞ്ഞാൽ അത് യാതൊരു ഭയമോ മടിയോ കൂടാതെ തുറന്നു പറയാൻ മാത്രമുള്ള അടുപ്പവും വിശ്വാസവും കുട്ടികൾക്ക് മാതാപിതാക്കളോട് ഉണ്ടാവുകയും ചെയ്യേണ്ടത് അനിവാര്യമാണ്. കാരണം ഇത്തരത്തിൽ ചൂഷണം ചെയ്യുന്ന ആളുകളുടെ പ്രധാന ആയുധം കുട്ടികൾക്ക് ഇതിനെ കുറിച്ച് ധാരണയില്ല എന്നതാണ്. ഇതൊക്കെ സ്വാഭാവികമാണെന്നു തെറ്റിദ്ധരിപ്പിക്കുകയും ആരോടെങ്കിലും പറഞ്ഞാൽ കൊന്നുകളയുമെന്നോ മറ്റോ ഭീഷണിപ്പെടുത്തുകയും ചെയ്യും.

**ഗുഡ് ടച്ച് & ബാഡ് ടച്ച്**

ഈ രണ്ട് വാചകങ്ങൾ പലപ്പോഴും സാമൂഹ്യ മാധ്യമങ്ങൾ വഴിയും മറ്റും നമ്മൾ കേൾക്കാറുണ്ട്. കുട്ടികളെ നിർബന്ധമായും പഠിപ്പിച്ചുകൊടുക്കേണ്ട ഒരു അടിസ്ഥാന കാര്യമാണ് ഇത്. ഒരു കുട്ടിക്ക് തന്റെ ശരീരത്തിലെ മുഴുവൻ അവയവങ്ങളെ  കുറിച്ചും ധാരണയുണ്ടായിരിക്കുകയും അവയിൽ സ്വകാര്യത നിലനിർത്തേണ്ട ഭാഗങ്ങളെ പ്രത്യേകം തിരിച്ചറിയുകയും സംരക്ഷിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത അവർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതുണ്ട്.

ചുണ്ട്, നെഞ്ച്, രണ്ട് കാലുകൾക്കിടയിലുള്ള ഭാഗങ്ങൾ, നിതംബം തുടങ്ങിയ ഭാഗങ്ങളിൽ അന്യരായ ആളുകൾ അനാവശ്യമായി സ്പർശിക്കുന്നതാണ് 'ബാഡ് ടച്ച്' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ സംശയാസ്പദമായ പെരുമാറ്റം ആരിൽനിന്നെങ്കിലും ഉണ്ടായിക്കഴിഞ്ഞാൽ ഉടനെ അതിന് വിസമ്മതിക്കുകയും ആ വ്യക്തിയിൽനിന്നും സുരക്ഷിതമായ മറ്റൊരിടത്തേക്ക് മാറുകയും തനിക്കുണ്ടായ അനുഭവം ഭയമോ മടിയോ കൂടാതെ ഏറ്റവും വിശ്വസ്തരായവരോട് പറയുകയും ചെയ്യണമെന്ന അടിസ്ഥാനമായ അറിവ് നമ്മുടെ കുട്ടികൾക്കുണ്ടായിരിക്കണം.

അതുപോലെ തന്നെ ഏറ്റവും മാന്യമായ ഇടപെടലുകളിലൂടെ ഉണ്ടായേക്കാവുന്ന ഷെയ്ക് ഹാന്റ് പോലെയുള്ള സ്പർശനമാണ് 'ഗുഡ് ടച്ച്' കൊണ്ട് ഉദ്ദേശിക്കുന്നത്. ചിത്രങ്ങളുടെയോ മറ്റോ സഹായത്താൽ ഇവ രണ്ടും കുട്ടികൾക്ക് വേർതിരിച്ച് പഠിപ്പിച്ചുകൊടുക്കുകയും അതിലുടെ ആളുകളുടെ പെരുമാറ്റങ്ങളെ  സ്വയം വിലയിരുത്താനുള്ള പ്രാപ്തി അവരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ■



(അവലംബം: ഡോ.അബ്ദുറഹ്മാൻ റഅ്ഫത് അൽ ബാഷായുടെ 'സ്വഹാബിമാരുടെ ജീവിത്തിൽ നിന്ന്' എന്ന ഗ്രന്ഥം)

# സഈദ് ബ്നു ആമിർ അൽജുമഹി(റ)

ഇർഫാൻ സ്വലാഹി

ഖുറൈശി നേതാക്കളുടെ വിളിക്ക് ഉത്തരം നൽകി മക്കയുടെ പ്രാന്തപ്രദേശമായ തൻഈമിലേക്ക് പുറപ്പെട്ട ആയിരങ്ങളിൽ ഒരാളായിരുന്നു സഈദ് ബ്നു ആമിർ എന്ന യുവാവ്. അവർ ചതിയിൽ കീഴ്‌പ്പെടുത്തിയ, പ്രവാചകാനുയായി ഖുബൈബ്ബ്നു അദിയ്യിന്റെ ജീവനെടുക്കാൻ വേണ്ടതെല്ലാം അവിടെ സജ്ജമായിരിക്കുന്നു.

എല്ലാംകൊണ്ടും തികഞ്ഞ യുവത്വവും ചുറുചുറുക്കും ആൾക്കൂട്ടത്തിനിടയിൽ സഈദിന് ആധിപത്യം നൽകി. ജനസഞ്ചയത്തിന് നേതൃത്വം നൽകുന്ന അബൂസുഫ്‌യാൻ, സ്വഫ്‌വാനുബ്നു ഉമയ്യ തുടങ്ങിയവരെ പോലെയുള്ള

ക്വുറൈശി പ്രമാണിമാരോട് നേരിൽ സംസാരിക്കുവാൻ അനുവാദമുള്ള പ്രഗത്ഭനായിരുന്നു സഈദ്.

ക്രൂരമായി ബന്ധിക്കപ്പെട്ട ക്വുറൈശികളുടെ ആ തടവുകാരനെയും മരണമേഖലയിലേക്ക് അദ്ദേഹത്തെ തള്ളിവിടുന്നവരുടെ കരങ്ങളും ശരിയാംവണ്ണം സഈദിന് കാണാൻ കഴിഞ്ഞത് അതുകൊണ്ടാണ്. ഖുബൈബിലൂടെ അവർ മുഹമ്മദിനോട് പ്രതികാരം ചെയ്യുകയാണ്. ബദ്റിൽ മൃതിയടഞ്ഞ സ്വന്തക്കാർക്ക് വേണ്ടി ഈ വധാഘോഷത്തിലൂടെ അവർ മറുപടി പറയുകയാണ്.

കൊല്ലാൻ വേണ്ടി പ്രത്യേകം സജ്ജമാക്കിയ ഭാഗത്തേക്ക് ബന്ധനസ്ഥനാക്കപ്പെട്ട ഖുബൈബി(റ)നെ എത്തിച്ചു. സഈദ്ബ്നു ആമിർ എന്ന യുവാവ് തലയുയർത്തിപ്പിടിച്ച് ഖുബൈബിനെ നോക്കി നിന്നു. ഖുബൈബ് കുരിശിലേക്ക് ആനയിക്കപ്പെടുന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ആർപ്പുവിളികൾക്കിടയിൽ അദ്ദേഹത്തിന്റെ ചാഞ്ചല്യമില്ലാത്ത ആ ശബ്ദം ഇങ്ങനെ കേൾക്കാമായിരുന്നു: “എന്റെ മരണത്തിന് മുമ്പായി രണ്ട് റക്അത്ത് നമസ്കരിക്കുവാൻ നിങ്ങളെന്നെ വിട്ടേക്കുമെങ്കിൽ അങ്ങനെ ചെയ്യുക...”

സഈദ് ഖുബൈബിനെത്തന്നെ ശ്രദ്ധിക്കുകയാണ്. അദ്ദേഹം കഅ്ബയെ അഭിമുഖീകരിച്ച്, രണ്ട് റക്അത്ത് നമസ്കരിക്കുന്നു. എത്ര മനോഹരവും പരിപൂർണവുമാണ് ആ രണ്ട് റക്അത്തുകൾ!

ശേഷം അദ്ദേഹം ക്വുറൈശി നേതാക്കളെ നോക്കി അവരോടായി പറഞ്ഞു: “മരണത്തെ പേടിച്ച് ഖുബൈബ് നമസ്കാരം ദീർഘിപ്പിച്ചുവെന്ന് നിങ്ങൾ ധരിക്കില്ലായിരുന്നുവെങ്കിൽ ഞാൻ ഈ നമസ്കാരം അധികരിപ്പിക്കുമായിരുന്നു.”

അവർ ഖുബൈബിന്റെ പച്ചമേനിയിൽ നിന്ന് മാംസം മുറിച്ചെടുക്കാൻ തുടങ്ങി. ജീവൻ തുടിക്കുന്ന ശരീരത്തിൽനിന്ന് കഷ്ണങ്ങൾ ഓരോന്നോരാന്നായി അരിഞ്ഞെടുക്കുമ്പോൾ അവർ ചോദിക്കുന്നുണ്ടായിരുന്നു: “നിനക്ക് പകരം ഈ സ്ഥാനത്ത് മുഹമ്മദ് ആയിരിക്കാനും എന്നിട്ട് രക്ഷപ്പെടാനും നീ ആഗ്രഹിക്കുന്നില്ലേ?”

രക്തം വാർന്നൊലിക്കുന്ന ശരീരത്തോടെ അദ്ദേഹം പ്രതികരിച്ചു: “അല്ലാഹുവാണ് സത്യം, മുഹമ്മദ് നബി(സ്വ)ക്ക് ഒരു മുള്ള് തറച്ചിട്ട് ഞാൻ എന്റെ വീട്ടിൽ മക്കളോടൊപ്പം സുരക്ഷിതനും നിർഭയനുമായിരിക്കാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല.”

ആൾക്കൂട്ടം കൈകളുയർത്തി ആർത്തുവിളിച്ചു:

“അവനെ കൊല്ലൂ... അവനെ കൊന്നൊടുക്കൂ...”

പിന്നീട് കുരിശിനു മുകളിൽ ആകാശത്തേക്ക് കണ്ണുകളുയർത്തി പ്രാർഥിക്കുന്ന ഖുബൈബിനെയാണ് സഈദ്ബ്നു ആമിർ കണ്ടത്:

“അല്ലാഹുവേ, അവരെ എണ്ണിത്തിട്ടപ്പെടുത്തുകയും ഒരാളെയും വിട്ടേക്കാതെ ശക്തമായി ഇല്ലായ്മ ചെയ്യുകയും ചെയ്യേണമേ.”

അങ്ങനെ അദ്ദേഹം അന്ത്യശ്വാസം വലിച്ചു. ആ ശരീരത്തിലെ വാളിന്റെ വെട്ടുകളും കുന്തങ്ങളുടെ കുത്തുകളും എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുമായിരുന്നില്ല.

ക്വുറൈശികൾ മക്കയിലേക്ക് മടങ്ങി. വിവിധ സംഭവങ്ങളുടെ വേലിയേറ്റത്തിൽ ഖുബൈബി(റ)നെയും അദ്ദേഹത്തിന്റെ വധത്തെയും അവർ മറന്നു. പക്ഷേ, സഈദ്ബ്നു ആമിർ എന്ന യുവാവിന് ഖുബൈബിനെ തന്റെ ബോധമണ്ഡലത്തിൽ നിന്ന് മാറ്റി നിർത്താൻ കഴിഞ്ഞില്ല.

ഉറങ്ങിയാൽ സ്വപ്നത്തിലും ഉണർച്ചയിൽ തന്റെ ചിന്തയിലും ഖുബൈബ് ഇടംപിടിച്ചു. കഴുമരത്തിനരികിൽ ശാന്തനായി അദ്ദേഹം നിർവഹിച്ച ആ രണ്ട് റക്അത്തുകൾ എപ്പോഴും തന്റെ മുന്നിൽ മിന്നിമറയും. ക്വുറൈശികൾക്കെതിരിൽ അദ്ദേഹം നടത്തിയ ആ

പ്രാർഥനയുടെ പ്രതിധ്വനി തന്റെ കാതിൽ അലയടിക്കും. അതുകൊണ്ടുതന്നെ ആകാശത്തുനിന്ന് തന്റെ മേൽ ഒരു തീവർഷമോ മറ്റോ ഉണ്ടാകുമോ എന്നൊക്കെ ഭയപ്പെട്ടു.

രക്തസാക്ഷിയായ ഖുബൈബ്(റ) സഈദിനെ നിരവധി പാഠങ്ങൾ പഠിപ്പിച്ചു. ശരിയായ വിശ്വാസവും മരണം വരെയുള്ള നന്മയുടെ പോരാട്ടങ്ങളുമാണ് യഥാർഥ ജീവിതമെന്ന്, ആഴമേറിയ വിശ്വാസത്തിന് അത്ഭുതങ്ങൾ സൃഷ്ടിക്കാനാകുമെന്ന്, ഒരു നേതാവിനെ തന്റെ അനുയായികൾ ഇത്രയേറെ സ്നേഹിക്കുന്നത് ഉപരിലോകത്തുനിന്നും പിൻബലം ലഭിച്ചുകൊണ്ടിരിക്കുന്ന മുഹമ്മദി(സ്വ)നെ മാത്രമാണെന്ന്...

അതോടെ സഈദിന്റെ ഹൃദയത്തിന് അല്ലാഹു ഇസ്‌ലാമിന്റെ വിശാലത നൽകി. ആൾക്കൂട്ടത്തിനിടയിൽനിന്ന് അദ്ദേഹം പ്രഖ്യാപിച്ചു: “ഖുറൈശികളുടെ പാപങ്ങളിൽനിന്നും പാപഭാരങ്ങളിൽനിന്നും ഞാൻ മുക്തനാണ്. ഖുറൈശികളുടെ ബിംബങ്ങളിൽനിന്നും വിഗ്രഹങ്ങളിൽനിന്നും ഞാനിതാ ഒഴിവായിരിക്കുന്നു. അല്ലാഹുവിന്റെ മതത്തിൽ ഞാനും പ്രവേശിച്ചിരിക്കുന്നു.”

........................................................

സഈദ്ബ്നു ആമിർ(റ) മദീനയിലേക്ക് പലായനം ചെയ്തു. നബി(സ്വ)യുടെ കൂടെ നടന്നു. ഖൈബറുൾപ്പെടെ ശേഷമുള്ള എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. നബി(സ്വ) അദ്ദേഹത്തിന്റെ കാര്യത്തിൽ പൂർണ സംതൃപ്തനായിരുന്നു. പ്രവാചകന്റെ മരണത്തിന് ശേഷം അബൂബക്കറി(റ)ന്റെയും ഉമറി(റ)ന്റെയും കൈകളിലെ ഊരിപ്പിടിച്ച വാളായി അദ്ദേഹം നിലകൊണ്ടു.

സത്യവിശ്വാസികൾക്ക് സഈദ്(റ) എന്നും വേറിട്ട ഒരു ഉദാഹരണമാണ്. പരലോകത്തിന് വേണ്ടി ഇഹലോകത്തെ വിറ്റ പ്രവാചകന്റെ അനുയായി. മനുഷ്യമനസ്സിന്റെ സകല ആഗ്രഹങ്ങളെക്കാളും ശരീരത്തിന്റെ സർവമോഹങ്ങളെക്കാളും അല്ലാഹുവിന്റെ തൃപ്തിക്ക് പ്രാധാന്യം നൽകിയ മഹാമനുഷ്യൻ!

അദ്ദേഹത്തിന്റെ സത്യസന്ധതയും സൂക്ഷ്മതയും അബൂബക്കറി(റ)നും ഉമറി(റ)നും നന്നായി അറിയാമായിരുന്നു. അവർ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ പ്രാധാന്യപൂർവം കേൾക്കുമായിരുന്നു.

ഉമറി(റ)ന്റെ ഭരണത്തിന്റെ ആദ്യകാലം. സഈദ്(റ) ഖലീഫയോട് പറഞ്ഞു: “ഉമർ! ജനങ്ങളുടെ കാര്യത്തിൽ താങ്കൾ അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹുവിന്റെ കാര്യത്തിൽ ജനങ്ങളെ അങ്ങ് പേടിക്കരുത്. താങ്കളുടെ വാക്കും പ്രവൃത്തിയും തമ്മിൽ വൈരുധ്യമുണ്ടാകരുത്. കാരണം പ്രവർത്തനങ്ങൾ കൊണ്ട് സത്യപ്പെടുത്തുന്ന വാക്കാണ് ഏറ്റവും നല്ലത്. ഉമർ! അല്ലാഹു താങ്കളെ ഏൽപിച്ചിട്ടുള്ളവരുടെ കാര്യത്തിൽ അവർ സമീപസ്ഥരാണെങ്കിലും വിദൂരസ്ഥരാണെങ്കിലും ശരി; നിത്യ ശ്രദ്ധയുണ്ടാകണം. താങ്കൾ താങ്കൾക്കും കുടുംബത്തിനും ഇഷ്ടപ്പെടുന്നത് അവർക്കുമുണ്ടാകാൻ ഇഷ്ടപ്പെടണം. അങ്ങേക്കും കുടുംബത്തിനും അങ്ങ് വെറുക്കുന്നത് അവരുടെ കാര്യത്തിലും വെറുക്കണം. പ്രതിസന്ധികളെ യഥാവിധി തരണം ചെയ്യുക. അല്ലാഹുവിന്റെ കാര്യത്തിൽ ആരുടെയും ആക്ഷേപത്തെ അങ്ങ് ഭയപ്പെടരുത്.”

ഉമർ(റ) ചോദിച്ചു: “സഈദേ, അങ്ങനെ ആർക്കാണ് സാധിക്കുക?”

അദ്ദേഹം പറഞ്ഞു: “മുഹമ്മദ് നബി(സ്വ)യുടെ ഉമ്മത്തിന്റെ കാര്യം അല്ലാഹു ഏൽപിച്ചിട്ടുള്ള താങ്കളെ പോലെയുള്ളയാൾക്ക് അതിന് സാധിക്കും, തീർച്ച! അങ്ങനെയുള്ളവർക്കും അല്ലാഹുവിനുമിടയിൽ മറ്റാരുമില്ലല്ലോ.”

ഭരണനിർവഹണത്തിൽ ഉമർ(റ) സഈദി(റ)നോട് നിർണായകമായ ഒരു സഹായം ആവശ്യപ്പെട്ടു: “സഈദേ, നാം താങ്കളെ ഹിംസിലെ ജനങ്ങളുടെ കൈകാര്യം ഏൽപിക്കുന്നു.”

സഈദ്(റ) പറഞ്ഞു: “ഉമർ! ദുൻയാവിലേക്ക് തിരിയുന്നവനായി താങ്കൾ എന്നെ തള്ളിവിടാതിരിക്കാൻ ഞാൻ അല്ലാഹുവോട് പ്രാർഥിക്കുന്നു!”

ഉമർ(റ)വിന് കോപം വന്നു. അദ്ദേഹം പറഞ്ഞു: “ഈ ഭരണം എന്റെ പിരടിയിൽ വെച്ച് നിങ്ങൾ എന്നിൽനിന്നും

ഒഴിഞ്ഞുമാറുകയാണോ? അല്ലാഹുവാണെ, ഞാൻ താങ്കളുടെ കാര്യത്തിൽ പിന്നോട്ടുപോകില്ല."

അങ്ങനെ ഉമർ(റ) സഈദി(റ)നെ ഹിംസിലെ ഗവർണറായി നിയോഗിച്ചു. ജീവിത ചെലവിനായി ശമ്പളം നിശ്ചയിക്കുവാൻ ഉമർ(റ) ഒരുങ്ങിയെങ്കിലും 'ബൈതുൽമാലിൽനിന്ന് എനിക്ക് ലഭിക്കുന്നത് എന്റെ ആവശ്യങ്ങൾ വർധിപ്പിക്കും' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. അങ്ങനെ അദ്ദേഹം ഹിംസിലേക്ക് പോയി.

അൽപകാലം കഴിഞ്ഞു ഹിംസിൽനിന്നും വിശ്വസ്തരായ ഒരു സംഘം ഖലീഫയുടെ അടുത്തെത്തി. ഉമർ(റ) അവരോട് പറഞ്ഞു: "നിങ്ങൾ അവിടുത്തെ ദരിദ്രരുടെ പേരുകൾ എഴുതിത്തരിക. അവരുടെ ആവശ്യങ്ങൾ നമുക്ക് നിറവേറ്റിക്കൊടുക്കാം." ദരിദ്രരുടെ ലിസ്റ്റ് അവർ തയ്യാറാക്കി.

ഒന്ന്, രണ്ട്: സഈദ്ബ്‌നു ആമിർ!

ഉമർ: "ആരാണ് ഈ സഈദ്ബ്‌നു ആമിർ?"

സംഘം: "ഞങ്ങളുടെ ഭരണാധികാരി."

ഉമർ: "നിങ്ങളുടെ ഭരണാധികാരി ദരിദ്രനാണോ?"

സംഘം: "അതെ, അല്ലാഹുവാണെ, നാളുകളോളം അദ്ദേഹത്തിന്റെ വീട്ടിൽ തീ പുകയാറില്ല.'

ഉമർ അത് കേട്ടപ്പോൾ കുറെ നേരം കരഞ്ഞു. അദ്ദേഹത്തിന്റെ താടിരോമങ്ങൾ കണ്ണീരിൽ നനഞ്ഞു. ആയിരം ദീനാർ ഒരു കിഴിയിലാക്കി അവരെ ഏൽപിച്ചിട്ട് അദ്ദേഹം പറഞ്ഞു: "അദ്ദേഹത്തോട് എന്റെ സലാം പറയുക. താങ്കളുടെ ആവശ്യങ്ങൾ നിറവേറ്റാൻ അമീറുൽ മുഅ്മിനീൻ തന്നതാണ് ഇത് എന്നും പറയുക."

പണക്കിഴിയുമായി ദൗത്യസംഘം സഈദിന്റെയടുത്തെത്തി, കിഴി തുറന്നു. ദീനാറുകൾ! അത് തട്ടിമാറ്റിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ."

അദ്ദേഹത്തിന്റെ പത്നി ഞെട്ടിത്തരിച്ചു. സംഭവിച്ചതൊന്നും അറിയാത്ത അവർ ചോദിച്ചു: "അങ്ങേക്ക് എന്ത് പറ്റി? നമ്മുടെ ഖലീഫ മരണപ്പെട്ടോ?"

സഈദ് : "അല്ല, അതിനെക്കാൾ ഗുരുതരമാണ് കാര്യം."

പത്നി : "മുസ്‌ലിംകൾക്ക് വല്ല ആപത്തും സംഭവിച്ചോ?"

സഈദ് : "അതിനെക്കാളും ഗുരുതരമാണ് കാര്യം."

പത്നി : "അതിനെക്കാളും ഗുരുതരം! അതെന്താണ്?"

സഈദ് : "എന്റെ പരലോകം നഷ്ടപ്പെടുത്താൻ, ദുനിയാവ് എന്നിലേക്ക് കടന്നുവന്നു, എന്റെ വീട്ടിൽ കുഴപ്പമുണ്ടാകുന്നു."

പത്നി : "അതിൽനിന്നും താങ്കൾ രക്ഷപ്പെടുക."

സഈദ് : "നീ അതിന് എന്നെ സഹായിക്കുമോ?"

പത്നി : "തീർച്ചയായും."

അങ്ങനെ ആ സംഖ്യ പല കിഴികളിലാക്കി അവർ പാവങ്ങൾക്ക് വിതരണം ചെയ്തു. കൂടുതൽ കാലം കഴിഞ്ഞില്ല. ഖലീഫ ഉമർ(റ) സിറിയയിലെ വീടുകകളും അവരുടെ സ്ഥിതിഗതികളും പരിശോധിക്കാൻ നേരിട്ട് ചെന്നു. അദ്ദേഹം ഹിംസിലെത്തി. ജനങ്ങളുമായി കൂടിക്കാഴ്ച നടത്തി. അദ്ദേഹം ആരാഞ്ഞു: "നിങ്ങളുടെ അമീർ എങ്ങനെയുണ്ട്?"

അമീറിന്റെ നാല് പ്രവർത്തന രീതികളെക്കുറിച്ച് അവർ ഖലീഫയോട് പരാതികൾ നിരത്തി. അവയിൽ ഓരോന്നും മറ്റൊന്നിനെക്കാൾ ഗുരുതമായിരുന്നു.

ഉമർ(റ) പറയുന്നു: "ഞാൻ സഈദിനെയും അവരെയും ഒരുമിച്ചിരുത്തി. അദ്ദേഹത്തെക്കുറിച്ച് എനിക്ക് തികഞ്ഞ ആത്മവിശ്വാസമുണ്ടായിരുന്നു. എന്റെ ധാരണകൾ തെറ്റാതിരിക്കാൻ ഞാൻ അല്ലാഹുവിനോട് പ്രാർഥിച്ചു. ഞാൻ അവരോട് ചോദിച്ചു: 'അമീറിനെ കുറിച്ച് നിങ്ങളുടെ പരാതിയെന്താണ്?'

ഹിംസുകാർ: 'പകൽ കുറെ കഴിഞ്ഞിട്ടല്ലാതെ അദ്ദേഹം ഞങ്ങളിലേക്ക് വരികയില്ല.'

ഉമർ: 'സഈദ്, താങ്കൾ എന്ത് പറയുന്നു?'

സഈദ്: (അൽപനേരം ഒന്നും പറഞ്ഞില്ല.) 'അല്ലാഹുവാണേ, അതിന്റെ കാരണം വെളിപ്പെടുത്താൻ എനിക്ക് ആഗ്രഹമില്ല. എന്നാൽ ഇവിടെ അത് നിർബന്ധമായിരിക്കുന്നു.

എന്റെ വീട്ടിൽ വേലക്കാരനില്ല. എല്ലാ ദിവസവും രാവിലെ ഞാൻ റൊട്ടിക്കുള്ള മാവ് തയ്യാറാക്കും. അത് പാകപ്പെട്ട് വരുന്നതുവരെ അൽപ നേരം കാത്തിരുന്ന് റൊട്ടിയുണ്ടാക്കും. ശേഷം വുദൂഅ് ചെയ്ത് ജനങ്ങളുടെ കാര്യങ്ങളിലേക്കിറങ്ങും.'

ഉമർ: (ഹിംസ്വുകളോട്) 'വേറെയെന്താണ് നിങ്ങൾക്ക് പറയാനുള്ളത്?'

ഹിംസ്വുകാർ: 'ഇദ്ദേഹം രാത്രിയിൽ ഒരാൾക്കും മുഖം കൊടുക്കാറില്ല.'

ഉമർ: 'സഈദ്, എന്ത് പറയുന്നു?'

സഈദ് : 'ഇതും പുറത്തൊരാളോട് പറയുന്നതിൽ എനിക്ക് ബുദ്ധിമുട്ടുണ്ട്. ഞാൻ എന്റെ പകൽ സമയം ജനങ്ങൾക്കും രാത്രി എന്റെ റബ്ബിനും വേണ്ടി നീക്കിവെച്ചിരിക്കുന്നു.'

ഉമർ: 'വേറെയെന്താണ് നിങ്ങളുടെ പരാതി?'

ഹിംസ്വുകാർ: 'മാസത്തിലൊരു ദിവസം അദ്ദേഹം തീരെ പുറത്തിറങ്ങാറില്ല.'

ഉമർ: 'ഇതെന്താണ് സഈദേ?'

സഈദ് : 'അമീറുൽ മുഅ്മിനീൻ, എനിക്ക് വേലക്കാരനില്ല. ഞാൻ ഉടുത്ത ഈ വസ്ത്രമല്ലാതെ മറ്റു വസ്ത്രങ്ങളുമില്ല. അത് അലക്കിയുണങ്ങും വരെ ഞാൻ കാത്തിരിക്കും. അന്ന് പകലിന്റെയവസാനം ഞാൻ പുറത്തിറങ്ങുകയും ചെയ്യും.'

ഉമർ : 'വേറെ വല്ലതും?'

ഹിംസ്വുകാർ: 'ചിലപ്പോൾ അദ്ദേഹത്തെ ഒരു മൂടൽ പിടികൂടും. അങ്ങനെ അദ്ദേഹം സദസ്സിൽ നിന്ന് അപ്രത്യക്ഷനാകും.'

ഉമർ : 'സഈദ്, ഇതെന്തുകൊണ്ടാണ്?'

സഈദ് : 'അത്... ഞാൻ ബഹുദൈവവിശ്വാസിയായിരിക്കെ ഖുബൈബ്ബ്നു അദിയ്യ്(റ)ന്റെ വധത്തിന് സാക്ഷിയായിട്ടുണ്ട്. ക്വുറൈശികൾ അദ്ദേഹത്തിന്റെ ശരീരത്തിൽനിന്ന് മാംസം മുറിച്ചെടുക്കുമ്പോൾ അവർ ചോദിക്കുന്നുണ്ടായിരുന്നു; നിന്റെ സ്ഥാനത്ത് മുഹമ്മദ് ആയിരിക്കാൻ നീ ആഗ്രഹിക്കുന്നില്ലേ? അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണെ, മുഹമ്മദ്(സ്വ)ക്ക് ഒരു മുള്ള് തറക്കുകയും ഞാൻ എന്റെ കുടുംബത്തിൽ മക്കളോടൊപ്പം നിർഭയനായിരിക്കുകയും ചെയ്യുന്നത് എനിക്ക് ഇഷ്ടമല്ല...' അല്ലാഹുവാണെ, ആ ദിവസത്തെ ഞാൻ ഓർക്കുമ്പോഴെല്ലാം അന്ന് അദ്ദേഹത്തെ സഹായിക്കാൻ കഴിയാതെ പോയതിൽ അല്ലാഹു എനിക്ക് പൊറുത്തുതരാതിരിക്കുമോ എന്ന ചിന്ത എന്നെ വേട്ടയാടും. അപ്പോഴാണ് അങ്ങനെ സംഭവിക്കുന്നത്.

ഉമർ: 'സഈദിനെക്കുറിച്ചുള്ള എന്റെ ധാരണകൾ തെറ്റിക്കാതിരുന്ന അല്ലാഹുവിനാകുന്നു സർവസ്തുതികളും.'

തന്റെ അത്യാവശ്യങ്ങൾ നിറവേറ്റുന്നതിന് ഖലീഫ ആയിരം ദീനാർ അദ്ദേഹത്തിന് നൽകി. പ്രിയ പത്നി അത് കണ്ടപ്പോൾ ഇങ്ങനെ പറഞ്ഞു: 'താങ്കൾക്ക് സേവനം ചെയ്യാൻ ധന്യത നൽകിയ അല്ലാഹുവിന് സ്തുതി. നമുക്ക് ഭക്ഷണം വാങ്ങുകയും വേലക്കാരനെ ഏർപെടുത്തുകയും ചെയ്യാം.'

സഈദ് : 'അതിനെക്കാൾ മെച്ചപ്പെട്ടതായി ഒന്നുമില്ലേ?'

പത്നി : 'അതെന്താണ്?'

സഈദ് : 'നമ്മുടെയടുത്തേക്ക് വരുന്നവർക്ക് നമുക്കത് നൽകാം. അതാണ് നമ്മുടെ ഏറ്റവും വലിയ ആവശ്യം.'

പത്നി : 'അത് എങ്ങനെയാണ്?'

സഈദ് : 'ആവശ്യക്കാരെ സഹായിക്കുന്നതിലൂടെ നാം അല്ലാഹുവിന് ഏറ്റവും നല്ല കടം നൽകുകയാണ് ചെയ്യുന്നത്.'

പത്നി : 'ശരിയാണ്, ധാരാളം നന്മകൾ പ്രതിഫലമായി പകരം ലഭിക്കുമല്ലോ.'

ആ ദീനാറുകൾ മുഴുവൻ കിഴികളിലാക്കിയ ശേഷം മാത്രമാണ് അദ്ദേഹം അവിടെനിന്ന് എഴുന്നേറ്റത്. എന്നിട്ട് കുടുംബക്കാരിൽ ഒരാളെ വിളിച്ച് ഇങ്ങനെ നിർദേശം നൽകി: 'ഇത് ഇന്ന വ്യക്തിയുടെ വിധവക്ക്, ഇത് ഇന്നയിന്ന അനാഥർക്ക്, ഇത് ഇന്ന വ്യക്തിയുടെ കുടുംബത്തിലെ പാവപ്പെട്ടവർക്ക്, ഇത് ഇന്ന വ്യക്തിയുടെ കുടുംബത്തിലെ ദരിദ്രർക്ക്...'

അതെ, സഈദ്ബ്നു ആമിറി(റ)നെ അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. ശക്തമായ ദാരിദ്ര്യമുണ്ടായിട്ട് പോലും സ്വന്തത്തെക്കാൾ മറ്റുള്ളവർക്ക് മുൻഗണന നൽകിയവരിൽ പെട്ടവനായിരുന്നു അദ്ദേഹം. ■



സ്ക്രീൻ സമയം പൂർണമായി ഒഴിവാക്കുക എന്നത് അസാധ്യമായ കാലമാണിത്. അത് നിയന്ത്രിതവും ലക്ഷ്യബോധമുള്ളതുമായ രീതിയിൽ ഉപയോഗിക്കുവാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്. ശരിയായ മാർഗനിർദേശവും മാതാപിതാക്കളുടെ ജാഗ്രതയും ഉണ്ടെങ്കിൽ ഡിജിറ്റൽ ലോകത്തിൽ ജീവിക്കുമ്പോഴും കുട്ടികളുടെ ശാരീരിക, മാനസിക, ആത്മീയ ആരോഗ്യത്തെ സംരക്ഷിക്കാൻ സാധിക്കും.

# കുട്ടികളും സ്ക്രീൻ ഉപയോഗവും

ഡോ. ഹുസ്ന ഹുസൈൻ

ഡിജിറ്റൽ കാലഘട്ടത്തിൽ കുട്ടികളുടെ ജീവിതത്തിൽ മൊബൈൽ, ടിവി, ടാബ്ലെറ്റ്, കമ്പ്യൂട്ടർ തുടങ്ങിയവയുടെ പങ്ക് വളരെ കൂടുതലാണ്. പഠനത്തിനും വിനോദത്തിനുമായി ഇവ ഉപയോഗിക്കുന്നത് ആവശ്യമാണെങ്കിലും, അവയുടെ അമിത ഉപയോഗം കുട്ടികളുടെ ആരോഗ്യത്തെ വിവിധ രീതിയിൽ ബാധിക്കുന്നുവെന്നത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടതാണ്. അതുകൊണ്ട് തന്നെ സ്ക്രീൻ സമയം നിയന്ത്രിതമാക്കുന്നത് അത്യാവശ്യമാണ്.

ദീർഘനേരം സ്ക്രീനിൽ നോക്കുന്നത് കുട്ടികളിൽ ഡിജിറ്റൽ ഐ സ്ട്രെയ്ൻ (Digital Eye Strain) എന്ന പ്രശ്നത്തിന് കാരണമാകുന്നു. ഇതിലൂടെ കണ്ണ് വരണ്ടുപോകൽ, ചൊറിച്ചിൽ, ചുവപ്പ്, താൽക്കാലികമായ മങ്ങലുള്ള കാഴ്ച എന്നിവ ഉണ്ടാകാം. സാധാരണയായി ഒരു മിനിറ്റിൽ ഏകദേശം 15 പ്രാവശ്യം നമ്മൾ കണ്ണടച്ചുതുറക്കാറുണ്ട്. എന്നാൽ സ്ക്രീൻ നോക്കുമ്പോൾ അത് ഏകദേശം 5 പ്രാവശ്യം മാത്രമായി കുറയുന്നു; ഇതാണ് കണ്ണ് വരണ്ടുപോകാനും അസ്വസ്ഥതകൾക്കുമുള്ള പ്രധാന കാരണം.

ചെറിയ സ്ക്രീനുകളായ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതി

**സ്ക്രീൻ സമയം കൂടുതലാകുമ്പോൾ കുട്ടികൾക്ക് നീണ്ടസമയം ഒരേ സ്ഥാനത്ത് ഇരിക്കേണ്ടിവരുന്നു, അമിത സ്ക്രീൻ ഉപയോഗം കുട്ടികളുടെ മാനസിക വളർച്ചയെയും ബാധിക്കാം; യഥാർഥ ലോകത്തിൽ നടക്കുന്ന സാമൂഹിക ഇടപെടലുകളും സൃഷ്ടിപരമായ കളികളും കുറയുന്നത് അവരുടെ ഭാഷാവികസനത്തെയും സാമൂഹിക കഴിവുകളെയും ദോഷകരമായി ബാധിക്കും.**



നെക്കാൾ കുറച്ച് ദൂരം പാലിച്ച് കാണാൻ കഴിയുന്ന ടിവി ഉപയോഗിക്കുന്നതാണ് കൂടുതൽ സുരക്ഷിതം, കാരണം അത് കണ്ണിന് വരുന്ന സമ്മർദം കുറയ്ക്കാൻ സഹായിക്കുന്നു. മൊബൈൽ ഫോണുകൾ കുട്ടികൾക്ക് നൽകുമ്പോൾ അവർ അത് തുടർച്ചയായി സ്ക്രോൾ ചെയ്യാനാണു സാധ്യത. ഇത് സ്ക്രീൻ സമയം നിയന്ത്രിക്കാൻ ബുദ്ധിമുട്ടുണ്ടാക്കും. കൂടാതെ, സ്ക്രീനുകളിൽനിന്നുള്ള നീല വെളിച്ചം (Blue Light)കുട്ടികളുടെ ഉറക്കക്രമത്തെ ബാധിക്കുകയും ഉറക്കത്തിന്റെ ഗുണനിലവാരം കുറയ്ക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി ക്ഷീണം, ശ്രദ്ധക്കുറവ്, പഠനത്തിൽ താൽപര്യമില്ലായ്മ എന്നിവ കാണപ്പെടാം.

കഴിഞ്ഞ കുറച്ച് വർഷങ്ങളായി കുട്ടികളിൽ ചെറുപ്പത്തിൽതന്നെ കണ്ണട ഉപയോഗിക്കേണ്ട സാഹചര്യം കൂടുതലായി കാണപ്പെടുന്നുണ്ട്. മുമ്പ് പ്രധാനമായും വംശപരമായ (hereditary) കാരണങ്ങളാൽ മാത്രമായിരുന്നു കുട്ടികൾക്ക് കാഴ്ച പ്രശ്നങ്ങൾ കൂടുതലായി കാണപ്പെട്ടിരുന്നത്. എന്നാൽ ഇന്ന്, നീണ്ട സമയം അടുത്ത ദൂരത്തിൽ സ്ക്രീൻ നോക്കുന്നത് കൊണ്ടും പുറത്തുള്ള പ്രവർത്തനങ്ങളുടെ കുറവുമൂലവും മൈയോപിയ (myopia) പോലുള്ള കാഴ്ചപ്രശ്നങ്ങൾ ചെറുപ്പത്തിൽ തന്നെ വർധിച്ചു വരുന്നതായി പഠനങ്ങൾ സൂചിപ്പിക്കുന്നു.

ഇത് തടയാൻ കുട്ടികളെ ദിവസേന കുറഞ്ഞത് 1.5 മുതൽ 2 മണിക്കൂർവരെ വീടിനു പുറത്ത് കളിക്കാൻ പ്രോത്സാഹിപ്പിക്കുന്നത് ഏറെ ഗുണകരമാണ്. പുറത്തുള്ള പ്രകാശം കണ്ണിന്റെ സ്വാഭാവിക വളർച്ചക്കും സ്വഭാവികമായ കാഴ്ച കുറയുന്നത് മന്ദഗതിയിലാക്കാനും സഹായിക്കുന്നു. അതിനാൽ, സ്ക്രീൻ സമയം കുറയ്ക്കുന്നതോടൊപ്പം ഔട്ട്ഡോർ കളികൾക്ക് മുൻഗണന നൽകുന്നത് കുട്ടികളുടെ കണ്ണുകളുടെ ആരോഗ്യം സംരക്ഷിക്കാൻ ഏറെ പ്രധാനമാണ്.

സ്ക്രീൻ സമയം കൂടുതലാകുമ്പോൾ കുട്ടികൾക്ക് നീണ്ടസമയം ഒരേ സ്ഥാനത്ത് ഇരിക്കേണ്ടിവരുന്നു, ഇത് അവരുടെ ശാരീരിക ആരോഗ്യത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഇത്തരത്തിലുള്ള sedentary lifestyle കുട്ടികൾ ശീലമാക്കിയാൽ പിന്നെ സ്ക്രീനിന് മുന്നിൽ ഇരുന്നുകൊണ്ട് ജങ്ക് ഫുഡ്സ് കൊറിക്കലും കഴിക്കലുമായിരിക്കും അടുത്ത പടി. അതിനോടൊപ്പം വ്യായാമവും കുറയും. അതുവഴി അമിതവണ്ണം, ശരിയായ ശരീരഭംഗി നഷ്ടപ്പെടൽ എന്നിവയിൽ കുട്ടികളെ എത്തിക്കും. അമിത സ്ക്രീൻ ഉപയോഗം കുട്ടികളുടെ മാനസിക വളർച്ചയെയും ബാധിക്കാം; യഥാർഥ ലോകത്തിൽ നടക്കുന്ന സാമൂഹിക ഇടപെടലുകളും സൃഷ്ടിപരമായ കളികളും കുറയുന്നത് അവരുടെ ഭാഷാവികസനത്തെയും സാമൂഹിക കഴിവുകളെയും ദോഷകരമായി ബാധിക്കും.

കുട്ടികളുടെ സ്ക്രീൻ ഉപയോഗം നിയന്ത്രിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വളരെ വലുതാണ് . ചെറുപ്രായക്കാർക്കായി സ്ക്രീൻ ഉപയോഗത്തിൽ പ്രത്യേക ജാഗ്രത ആവശ്യമുണ്ട്. രണ്ടു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സ്ക്രീൻ ഉപയോഗം പരമാവധി ഒഴിവാക്കു

ന്നതാണ് മികച്ചത് എന്ന് വിദഗ്ധർ നിർദേശിക്കുന്നു. പ്രവാസി കുടുംബങ്ങൾക്കിടയിൽ പലപ്പോഴും കുഞ്ഞുങ്ങളെ ബന്ധുക്കൾക്ക് കാണിക്കാൻ വീഡിയോ കോൾ ഉപയോഗിക്കുന്ന പ്രവണത കാണാറുണ്ട്. എന്നാൽ, മൂന്ന് മുതൽ ആറു മാസം വരെ പ്രായമുള്ള കുഞ്ഞുങ്ങൾ സ്ക്രീനിൽ കാണുന്ന വ്യക്തിയെ തിരിച്ചറിയുന്നില്ല; അവർ പ്രധാനമായും സ്ക്രീനിലെ വെളിച്ചം, നിറം, ചലനം എന്നിവയ്ക്കാണ് പ്രതികരിക്കുന്നത്. അതിനാൽ, അവർ യഥാർഥ വ്യക്തിയെ തിരിച്ചറിഞ്ഞ് പ്രതികരിക്കുന്നു എന്ന് കരുതി ബന്ധുക്കൾ സന്തോഷിക്കുന്നത് ശരിയല്ല. ഈ പ്രായത്തിൽതന്നെ സ്ക്രീൻ കാഴ്ച പരിചയപ്പെടുത്തുന്നത് പിന്നീട് ഉപകരണങ്ങളോടുള്ള അത്യധിക ആകർഷണത്തിന് കാരണമാകാം. അതിനാൽ കുഞ്ഞുങ്ങളെ നേരിട്ട് സ്ക്രീനിലേക്ക് കൊണ്ടുവരുന്നതിന് പകരം, അവരുടെ വീഡിയോ റെക്കോർഡ് ചെയ്ത് അയക്കുന്നത് കൂടുതൽ ഉചിതമാണ്.

2 മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്ക്രീൻ സമയം ദിവസം പരമാവധി 1 മണിക്കൂറിൽ പരിമിതപ്പെടുത്തണമെന്നും അത് മാതാപിതാക്കളുടെ മേൽനോട്ടത്തിലായിരിക്കണമെന്നും വിദഗ്ധർ നിർദേശിക്കുന്നു. ഈ പ്രായത്തിൽ സ്ക്രീൻ ഉപയോഗിക്കുമ്പോൾ ഉള്ളടക്കത്തിന്റെ ഗുണമേന്മ വളരെ പ്രധാനമാണ്. വേഗത്തിൽ മാറുന്ന, അതിശയോക്തിയുള്ള കാർട്ടൂണുകൾക്കുപകരം യഥാർഥ പ്രകൃതിദൃശ്യങ്ങൾ, മൃഗങ്ങൾ, മനുഷ്യരുടെ ജീവിതം എന്നിവ കാണിക്കുന്ന വിദ്യാഭ്യാസപരമായ വീഡിയോകൾ കുട്ടികൾക്ക് കൂടുതൽ ഗുണകരമാണ്. ഇത്തരം യഥാർഥ ദൃശ്യങ്ങൾ കുട്ടികളുടെ ശ്രദ്ധയും പഠനശേഷിയും മെച്ചപ്പെടുത്തുകയും സാങ്കൽപിക അതിവേഗ ദൃശ്യങ്ങളുടെ ദോഷപ്രഭാവം കുറയ്ക്കുകയും ചെയ്യുന്നു.

5 മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട സമയം ഒഴികെ വിനോദത്തിനായി 1 മുതൽ 2 മണിക്കൂർ വരെ മാത്രം അനുവദിക്കുന്നതാണ് ഉചിതം.

കണ്ണുകളുടെ സംരക്ഷണത്തിന് 20-20-20 നിയമം പിന്തുടരുന്നത് ഏറെ ഗുണകരമാണ്. പഠനവുമായി ബന്ധപ്പെട്ട് ഒഴിവാക്കാനാവാത്ത സ്ക്രീൻ ഉപയോഗ സമയങ്ങളിൽ പോലും ഈ രീതികൾ പാലിക്കുന്നത് കണ്ണുകളുടെ ആരോഗ്യത്തെ സംരക്ഷിക്കാൻ സഹായിക്കുന്നു. അതായത്, ഓരോ 20 മിനിറ്റിലും സ്ക്രീനിൽ നിന്ന് കണ്ണു മാറ്റി, 20 അടി ദൂരെയുള്ള വസ്തുവിനെ കുറഞ്ഞത് 20 സെക്കൻഡ് നോക്കണം. ഇത് കണ്ണിന്റെ ക്ഷീണം കുറയ്ക്കാൻ സഹായിക്കുന്നു. കൂടാതെ, സ്ക്രീൻ ഉപയോഗിക്കുമ്പോൾ കണ്ണിനും സ്ക്രീനിനും ഇടയിൽ ഏകദേശം ഒരു കൈ നീളമുള്ള ദൂരം (arm's length distance) പാലിക്കാനും ശ്രദ്ധിക്കണം.

ഏറ്റവും പ്രധാനമായി പറയാനുള്ളത്, മാതാപിതാക്കൾ മൊബൈൽ ഫോണിന്റെയും മറ്റും ഉപയോഗത്തിൽ നിയന്ത്രണം പാലിച്ച് മാതൃക കാട്ടണം എന്നാണ്. കാരണം, കുട്ടികൾ മാതാപിതാക്കളെ അനുകരിച്ചാണ് ശീലങ്ങൾ രൂപപ്പെടുത്തുന്നത്.

ഇസ്‌ലാം നമ്മെ ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും മിതത്വവും ഉത്തരവാദിത്തവും പാലിക്കാൻ പഠിപ്പിക്കുന്നു. ഓരോ നിമിഷവും അല്ലാഹു നമുക്ക് നൽകിയ ഒരു അമാനത്താണ്, അതിനെ നല്ല കാര്യങ്ങൾക്ക് വിനിയോഗിക്കേണ്ടത് നമ്മുടെ കടമയാണ്. കുട്ടികളുടെ വളർച്ചയിൽ മാതാപിതാക്കൾക്ക് വലിയ ഉത്തരവാദിത്തമുണ്ടെന്നാണ് ഇസ്‌ലാമിക പാഠം. സ്ക്രീൻ സമയം നിയന്ത്രിച്ച് ഖുർആൻ പാരായണം, നല്ല പുസ്തക വായന, കുടുംബസമേതം സമയം ചെലവഴിക്കൽ തുടങ്ങിയ ഗുണകരമായ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നത് അവരുടെ ലൗകികവും ആത്മീയവുമായ വളർച്ചയ്ക്ക് സഹായകമാണ്.

സ്ക്രീൻ സമയം പൂർണമായി ഒഴിവാക്കുക എന്നത് അസാധ്യമായ കാലമാണിത്. അത് നിയന്ത്രിതവും ലക്ഷ്യബോധമുള്ളതുമായ രീതിയിൽ ഉപയോഗിക്കുവാനാണ് വിശ്വാസികൾ ശ്രദ്ധിക്കേണ്ടത്. ശരിയായ മാർഗനിർദേശവും മാതാപിതാക്കളുടെ ജാഗ്രതയും ഉണ്ടെങ്കിൽ ഡിജിറ്റൽ ലോകത്തിൽ ജീവിക്കുമ്പോഴും കുട്ടികളുടെ ശാരീരിക, മാനസിക, ആത്മീയ ആരോഗ്യത്തെ സംരക്ഷിക്കാൻ സാധിക്കും. ■

# സമയമില്ല പോലും!



നസീമ
വാടാനപ്പള്ളി

‘ക്ഷമിക്കണം,
ഇത്തിരി തിരക്കിലാണേ...’
അതെ, അവൻ തിരക്കിലായിരുന്നു.
തിരക്കിട്ടോടുന്നത്
ശ്വാസഗതി സുഗമമായതിനാലെന്ന്
അവൻ ഓർത്തതേയില്ല.
താൻ താനായിരിക്കുന്നത്,
കണ്ണും കാതും മറ്റവയവങ്ങളുമെല്ലാം
ന്യൂനതകളില്ലാത്തവയായതുകൊണ്ടാണെന്നും
ബുദ്ധിയും ആരോഗ്യവും ആവശ്യത്തിന്
നൽകപ്പെട്ടതുകൊണ്ടാണെന്നും
അവനോർത്തതില്ല.
തിരക്കിലായിരുന്നല്ലോ പാവം,
സമയമില്ല പോലും!
ജീവിതപ്പാച്ചിലിനിടയിലവൻ
ഒട്ടേറെ അംഗപരിമിതരെ കണ്ടതാണ്,
ബുദ്ധിവികാസം പ്രാപിക്കാത്തവരെ കണ്ടതാണ്.
എന്നിട്ടുമവൻ തന്നെ ന്യൂനതകളില്ലാതെ
സൃഷ്ടിച്ചവനെ കുറിച്ച്
ചിന്തിച്ചതേയില്ല.
അവൻ എപ്പോഴും തിരക്കിലാണത്രെ!
തിന്നും കുടിച്ചും രസിച്ചും രമിച്ചുമങ്ങനെ
ദിനരാത്രങ്ങൾ പിന്നിടുമ്പോഴും
സ്വശരീരത്തിലെ ദൈവിക
ദൃഷ്ടാന്തങ്ങളിലേക്കൊന്നവൻ കണ്ണോടിച്ചില്ല,
അവൻ തിരക്കിലായിരുന്നല്ലോ!
ഓട്ടത്തിനിടയിൽ അപ്രതീക്ഷിതമായി
ഒരുദിവസം അവൻ കുഴഞ്ഞുവീണു.
ശ്വാസത്തിനായി പിടയവെ,
അത് അവസാന നിമിഷമാണെന്നവനറിഞ്ഞു.
അപ്പോൾ അവൻ പറഞ്ഞു:
‘എനിക്കൊരൽപം സമയം നീട്ടിത്തരണേ...’
പാവം!
അവധിയെത്തിയാൽ സമയം
നീട്ടിക്കിട്ടില്ലെന്ന് അവനറിയില്ലല്ലോ!


Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 06 June 2026
Posting at RMS Kozhikode

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: `10/-

# മദ്റസ ലൈബ്രറികൾക്ക്

## വിസ്ഡം ബുക്സിന്റെ വമ്പിച്ച ഓഫർ

**മദ്റസ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ**
**വിസ്ഡം ബുക്സ് പ്രസിദ്ധീകരിച്ച**

**4090**
രൂപ വരുന്ന
**35**
പുസ്തകങ്ങൾ

**2500**
**രൂപക്ക്**

വിസ്ഡം മദ്റസ ലൈബ്രറികൾക്ക്
**ഓഫറിൽ നൽകുന്നു**

ഈ സുവർണ്ണാവസരം പരമാവധി ഉപയോഗപ്പെടുത്തുക.

WISDOM BOOKS

7356766478